# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

# അർത്ഥവത്തായ അനുഷ്ഠാനങ്ങൾ

(ഉപപാഠപുസ്തകം)

ക്ലാസ്സ് 12

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4

**AN OSSAE PUBLICATION**
**Sunday School Padavali-XII**
**(Non-detailed Book)**
First Edition December 2012
Second Edition February 2022
Copies 5,000
Price ₹ 40.00

# മുഖവുര

അനുഷ്ഠാനങ്ങൾ അർത്ഥവത്താകണമെങ്കിൽ അർത്ഥം മനസ്സിലാക്കി അനുഷ്ഠിക്കണം. അനുഷ്ഠാനങ്ങൾ കേവല ആചാരങ്ങളായി മാത്രം നിലനിന്നാൽ അനുഭവതലം വെളിപ്പെടുകയില്ല. അനുഷ്ഠാനങ്ങളിലൂടെ ആന്തരിക വ്യതിയാനം സംഭവിക്കുമ്പോഴാണ് ആചരണങ്ങളുടെ അർത്ഥം സമ്പൂർണ്ണമാകുന്നത്. പ. സഭയിലെ ആരാധനയുടെ അനുഭവതലങ്ങളിലേക്ക് വാതായനം തുറക്കുകയാണ് ഈ ചെറുഗ്രന്ഥത്തിന്റെ ലക്ഷ്യം. ആഴമായ പഠനം അല്ല; മറിച്ച്, അനുഷ്ഠാനങ്ങളുടെ അർത്ഥതലത്തിലേക്കുള്ള മുഖവുരയായി ഈ ചെറുഗ്രന്ഥത്തെ പരിഗണിക്കണം.

കാലസമ്പൂർണ്ണതയിൽ 'വചനം ജഡമായി' മനുഷ്യരോടുകൂടി വസിച്ചു. മനുഷ്യാവതാരം നിർവഹിച്ച നിത്യനായ ദൈവപുത്രനാണ് വി. കൂദാശ. വി. കൂദാശകളിലൂടെ മനുഷ്യാവതാര മഹനീയ സംഭവം വർത്തമാന കാലത്തിൽ വിശ്വാസിയുടെ ജീവിതത്തിൽ അനുഭവവേദ്യമാകുന്നു. "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും" (എബ്രായർ 1:1) വെളിപ്പെടുത്തിയ വി. രഹസ്യങ്ങൾ (Mysterion) കാലസമ്പൂർണ്ണതയിൽ ദൈവപുത്രന്റെ മനുഷ്യാവതാര സംഭവത്തിലൂടെ 'ദേഹരൂപത്തിൽ' (കൊലോസ്യർ 2:9) സർവ്വസമ്പൂർണ്ണമായി ചരിത്രത്തിൽ വെളിപ്പെട്ടു. ഉപരിതല അർത്ഥത്തിൽ മറഞ്ഞിരിക്കുന്നതും ഗ്രഹിക്കുവാൻ സാധിക്കാത്തതും മനസ്സിലാകുന്നതിന് ഉപരിയായും (incomprehensible, hidden, unknowable, beyond understanding) കാണപ്പെടുന്ന വി. കൂദാശകൾ അനുഭവതലത്തിൽ മനസ്സിലാക്കുവാൻ സാധ്യമാണ്. അനുഷ്ഠാനങ്ങൾ അർത്ഥവത്താകുന്നത് യേശുക്രിസ്തുവിനെ അറിയുന്നതിലൂടെയാണ്. ക്രിസ്തുവിനെ അനുഭവതലത്തിൽ അറിയുന്നവർക്ക് വി. കൂദാശകളുടെ രഹസ്യം (റോസോ) അനുഭവതലത്തിൽ വെളിപ്പെടുന്നു.

പ്രാർത്ഥനയുടെ ആദ്ധ്യാത്മികത, വി. കൂദാശകൾ, യൽദോ, ദനഹ, പെന്തിക്കോസ്തിപ്പെരുന്നാളുകൾ എന്നിവയാണ് ഈ പുസ്തകത്തിന്റെ പ്രതിപാദ്യവിഷയങ്ങൾ. പുസ്തകരചന നിർവ്വഹിക്കുന്നത് നിരണം ഭദ്രാസനത്തിലെ ബഹു. ഷാജൻ വറുഗീസ് അച്ചനാണ്. ബഹു. അച്ചനോടുള്ള OSSAEയുടെ നന്ദി നിസ്സീമമാണ്. സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് പ. സഭയുടെ ആരാധനാ അനുഷ്ഠാനങ്ങൾ അനുഭവതലത്തിൽ അർത്ഥവത്തായി ഉൾക്കൊള്ളുവാൻ ഗ്രന്ഥപഠനം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഫാ. ഡോ. വർഗീസ് വർഗീസ്**

8 മാർച്ച്, 2022 *ഡയറക്ടർ ജനറൽ*

# ഉള്ളടക്കം


| | |
|---|---|
| പ്രാർത്ഥനയുടെ ആദ്ധ്യാത്മികത | 5 |
| വി. മാമോദീസാ | 11 |
| വി. വിവാഹകൂദാശ | 16 |
| വി. പട്ടംകൊട ശുശ്രൂഷ | 20 |
| വി. തൈലാഭിഷേകം | 27 |
| ശവസംസ്ക്കാരം | 30 |
| ഭവനകൂദാശ | 34 |
| യൽദോ പെരുന്നാൾ | 37 |
| ദനഹാ പെരുന്നാൾ | 40 |
| പെന്തിക്കോസ്തി പെരുന്നാൾ | 42 |

# പ്രാർത്ഥനയുടെ ആധ്യാത്മികത

## പരസ്യപ്രാർത്ഥനയും രഹസ്യപ്രാർത്ഥനയും

ക്രമീകൃതവും അംഗീകൃതവുമായി ചിട്ടപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനയിൽ പരിശുദ്ധ സഭ ഒന്നിച്ചുകൂടി പങ്കാളികളാകുന്നതാണ് പരസ്യമായ പ്രാർത്ഥന. ക്രിസ്തുവിൽ ആയിരിക്കുന്ന രക്ഷിതരുടെ ഗണമാണ് പ. സഭ. ക്രിസ്തുശരീരമായ പ. സഭയിലെ അവയവങ്ങളാണ് ഓരോ വിശ്വാസിയും. ഈ വിശുദ്ധഗണത്തിൽനിന്ന് വേർപിരിഞ്ഞ് വിശ്വാസിക്ക് അസ്തിത്വമില്ല. മുന്തിരിത്തണ്ടിൽ ചേർന്നിരിക്കുന്ന ശാഖകളാണ് ജീവനിൽ സംബന്ധികളാകുന്നത്. മുന്തിരിത്തണ്ടിൽനിന്ന് അടർത്തിമാറ്റുന്നവ ഉണങ്ങിപ്പോകുകയും ഇല്ലാതായിത്തീരുകയും ചെയ്യുന്നു. ഇത്തരം മാറിനിൽക്കുവാൻ സാധ്യമല്ലാത്ത ബന്ധമാണ് ക്രിസ്തുശരീരമായ പ. സഭയും ഓരോ അവയവമായ വിശ്വാസിക്കും തമ്മിൽ ഉള്ളത്. സഭയിൽനിന്ന് മാറിയുള്ള ഒറ്റയായ ദൈവാന്വേഷണം ക്രിസ്തീയമല്ല എന്നു സാരം.

വിശ്വാസി പ്രാർത്ഥിക്കുന്നത് സഭയിലൂടെയാണ്. സഭ ക്രിസ്തുശരീരമാണ്. ആരാധന നടക്കുന്നത് ക്രിസ്തുശരീരമായ സഭയിലാണ്. യാമനമസ്ക്കാരങ്ങൾ സമൂഹമായി നിർവഹിക്കണം എന്ന് പ. പിതാക്കന്മാർ നിഷ്ക്കർഷിക്കുന്നത് ഇക്കാരണത്താലാണ്. ഒറ്റയ്ക്കു നിൽക്കുന്ന മഞ്ഞിൻതുള്ളികൾ ഒന്നിച്ചുചേരുമ്പോൾ അരുവി രൂപം പ്രാപിക്കുന്നു. 'എല്ലാ വായ്കളിൽനിന്നുമുള്ള പ്രാർത്ഥന, ഒരുമിച്ച് ഉയരുമ്പോൾ സർവ്വേശ്വരന് തള്ളാനാവാത്തവിധം പ്രാർത്ഥന ശക്തമാകും' എന്ന് നമസ്ക്കാരങ്ങളിൽ കാണുന്നു. ഏഴുനേരത്തെ യാമനമസ്ക്കാരങ്ങൾ നിർബന്ധമായി നടത്തിയിരിക്കണം. രാവിലെയും വൈകിട്ടും കുടുംബമായി പ്രാർത്ഥിക്കുന്നത് കുടുംബത്തിന്റെ ഐശ്വര്യത്തിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

പരസ്യപ്രാർത്ഥനകൾക്ക് പകരമല്ല തനിയെ നടത്തുന്ന പ്രാർത്ഥനകൾ അഥവാ രഹസ്യപ്രാർത്ഥനകൾ. ഓരോരുത്തരും ദൈവസന്നിധിയിൽ വിശേഷാൽ യാചനയും മധ്യസ്ഥതയും സ്തോത്രവും

അർപ്പിക്കുന്നതാണ് രഹസ്യപ്രാർത്ഥന. താപസന്മാരും സന്ന്യാസി സന്ന്യാസിനിമാരും രഹസ്യപ്രാർത്ഥനകളിൽ ഉറ്റിരിക്കുവാൻ പ്രത്യേകാൽ വിളി ലഭിച്ചവരാണ്. രാത്രിമുഴുവനും പിതാവാം ദൈവവുമായുള്ള ബന്ധത്തിൽ പ്രാർത്ഥിച്ചിരുന്ന യേശുക്രിസ്തുവിനെ സുവിശേഷത്തിൽ കാണുന്നു. രാത്രിമുഴുവനും പ്രാർത്ഥനയിൽ ഉണർന്നിരുന്ന പൂർവ്വികരുടെ പിൻഗാമികളാണ് നാം ഓരോരുത്തരും. ആത്മീയമായി ഉണർന്നിരിക്കണമെങ്കിൽ രഹസ്യമായ പ്രാർത്ഥനയുടെ അനുഭവം ഉണ്ടായിരിക്കണം. 'യേശുവേ, ദാവീദുപുത്രാ, എന്നോട് കരുണ തോന്നേണമേ' എന്ന് നിരന്തരം ഉരുവിടുന്ന രീതി പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലും പ്രത്യേകാൽ സന്ന്യാസ പാരമ്പര്യത്തിലും ഉണ്ട്.

## യാമപ്രാർത്ഥനകൾ

യാമപ്രാർത്ഥനകൾ ഏഴ് യാമങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. സന്ധ്യ, സൂത്താറ, പാതിരാത്രി, പ്രഭാതം, മൂന്നാം മണി, ഉച്ച (ആറാം മണി), ഒമ്പതാം മണി എന്നിവയാണ് ഏഴ് യാമങ്ങൾ. യാമങ്ങൾ ഇതിലൂടെ ശുദ്ധീകരിക്കപ്പെടുന്നു.

## പ്രാർത്ഥനയുടെ മാതൃക യേശുക്രിസ്തു

എല്ലാ കാര്യങ്ങളിലും നല്ലതും പൂർണ്ണവുമായ മാതൃക ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. 'പ്രാർത്ഥന'യുടെ അർത്ഥവും പ്രാർത്ഥനാരീതിയും വികലമാക്കപ്പെട്ടിരിക്കുന്ന ചുറ്റുപാടിലാണ് നാം ജീവിക്കുന്നത്. ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങളിൽ യാതൊരു കുറവും കോട്ടവുമില്ല. കർത്താവിൽനിന്ന് പഠിച്ചതും ശ്ലീഹന്മാരിലൂടെ പിതാക്കന്മാർക്ക് ലഭിച്ചതും പിതാക്കന്മാരിലൂടെ കൈമാറിയതുമായ സത്യവിശ്വാസത്തിന്റെ ശോഭ തിരിച്ചറിഞ്ഞ് ആ സത്യത്തിൽ നിലനിന്ന് വളരണം.

പിതാവുമായുള്ള ബന്ധത്തിൽ പൂർണ്ണവിശ്വസ്തത പുലർത്തിയ യേശുതമ്പുരാനെ മനസ്സിലാക്കിയ ശിഷ്യന്മാർ കർത്താവിനോട് തങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ എന്ന് അപേക്ഷിക്കുന്നു. കർത്താവ് പഠിപ്പിച്ച പ്രാർത്ഥന കൗമാ പ്രാർത്ഥനയുടെ ഭാഗമാണ്.

സിപ്രിയൻ എന്ന സഭാപിതാവ് ഇപ്രകാരം പറയുന്നു, "പാപമില്ലാത്തവനായ താൻ (യേശു) പ്രാർത്ഥിച്ചെങ്കിൽ പാപികൾ എത്ര

മാത്രം പ്രാർത്ഥിക്കണം? നിരന്തരം അപേക്ഷകളാൽ രാത്രിമുഴുവൻ തുടർച്ചയായി പ്രാർത്ഥിച്ചെങ്കിൽ നിരന്തരപ്രാർത്ഥനയിൽ നാം എത്രമാത്രം ഉയർന്നിരിക്കണം?" പ. പാമ്പാടി മാർ ഗ്രിഗോറിയോസ് തിരുമേനി പലപ്പോഴും ഉരുവിട്ടിരുന്ന പ്രബോധനമായിരുന്നു ഇത്.

'നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നുവെന്ന് ഞാൻ അറിഞ്ഞിരിക്കുന്നു' എന്ന് യേശു ലാസറിന്റെ കല്ലറയ്ക്കൽവച്ച് പ്രാർത്ഥിക്കുന്നു. ദൈവവുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നവരുടെ പ്രാർത്ഥന എപ്പോഴും ദൈവമുമ്പാകെ സ്വീകാര്യമാണ്.

## പ്രാർത്ഥനയുടെ ആന്തരികഭാവം

പ്രാർത്ഥനയ്ക്ക് സൗമ്യതയുടെയും വിശുദ്ധിയുടെയും രഹസ്യസ്വഭാവം ഉണ്ടായിരിക്കണം എന്ന് മത്തായി 6:5-18 ൽ കാണുന്നു. ഉച്ചശബ്ദത്തിലാണ് പ്രാർത്ഥനയുടെ മഹത്വം എന്ന് തെറ്റിദ്ധരിക്കുന്ന ഗ്രൂപ്പുകൾ വളർന്നുവരുന്നു. തെർത്തുല്യൻ ഇപ്രകാരം പറയുന്നു "ദൈവം ശബ്ദത്തിൽ ശ്രദ്ധിക്കുന്നില്ല, അവിടുന്ന് ശ്രദ്ധിക്കുന്നതും ശ്രവിക്കുന്നതും ഹൃദയമാണ്. ഉച്ചത്തിലുള്ള പ്രാർത്ഥന അയൽക്കാർക്ക് ശല്യം ഉണ്ടാക്കുന്നു എന്നല്ലാതെ മറ്റെന്ത് നേടുന്നു?' യോനയുടെ അപേക്ഷ കടലിന്റെ ശബ്ദവും ആഴവും കടന്ന് ദൈവസന്നിധിയിൽ എത്തിയത് ശബ്ദത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് സാരം. ഹൃദയത്തിന്റെ ഭാവമാണ് പ്രധാനം.

പിതാക്കന്മാരുടെ പഠിപ്പിക്കൽ അനുസരിച്ച് 'ചുമതലയിൽപ്പെട്ട കർത്തവ്യങ്ങളെ പ്രാർത്ഥനയോടുകൂടി സംയോജിപ്പിക്കുന്നവരാണ് നിരന്തരമായി പ്രാർത്ഥിക്കുന്നവർ'. ദൈവം നമ്മെ ഏൽപ്പിച്ചിട്ടുള്ള കർത്തവ്യങ്ങളും പ്രാർത്ഥനയുടെ ഭാഗമാണ്. ജീവിതത്തിലെ പ്രവർത്തനങ്ങളും ചിന്തയും വാക്കും ദൈവികമായി മാറുമ്പോൾ ജീവിതം മുഴുവൻ പ്രാർത്ഥനയുടെ അനുഭവമാകുന്നു. ഇടവിടാതെ പ്രാർത്ഥിക്കുന്ന ഇത്തരം അനുഭവം നമുക്കും സാധ്യമായിത്തീരണം. ധാർമ്മിക പൂർണ്ണതയിൽ ക്രിസ്തുസ്നേഹത്താൽ വ്യക്തി മുഴുവനായി രൂപാന്തരപ്പെടേണ്ടത് അനിവാര്യമാണ്. നമ്മുടെ പിതാക്കന്മാരുടെ ജീവിതം തന്നെ പ്രാർത്ഥനയായിരുന്നു. കരുണ, ദയ, സ്നേഹം, വിശ്വാസം, ഭക്തി എന്നിവ ഉള്ളവർ യഥാർത്ഥമായി ദൈവത്തെ അനുഭവിക്കുന്നു.

നിരാശ, ദുഃഖം, വെറുപ്പ് എന്നിവയുടെ നിഷ്കാസനമാണ് പ്രാർത്ഥന. ദ്രോഹം, വെറുപ്പ്, അഹങ്കാരം എന്നിവ നമ്മിൽ ഉള്ളപ്പോൾ പ്രാർത്ഥന അർത്ഥശൂന്യമാണ്. നിറയെ ദ്വാരമുള്ള പാത്ര

ത്തിൽ വെള്ളം നിറയ്ക്കുന്ന നിഷ്ഫലമായ പ്രവൃത്തിയോടാണ് പിതാക്കന്മാർ ഇത്തരം പ്രാർത്ഥനയെ ഉപമിച്ചിരിക്കുന്നത്. സ്നേഹ മുള്ള ജീവിതത്തിൽ വിരിയുന്ന മനോഹരപുഷ്പമാണ് പ്രാർത്ഥന.

പ്രാർത്ഥനയ്ക്ക് വ്യക്തിപരമായ തലത്തിൽമാത്രം ഒതുങ്ങാതെ സകല സൃഷ്ടിക്കുംവേണ്ടി മധ്യസ്ഥതയും സ്തോത്രവും അർപ്പി ക്കുന്ന സാമൂഹിക തലവും ഉണ്ട്. രാജകീയ പുരോഹിതവർഗവും വിശുദ്ധവംശവുമായ സമൂഹത്തിന് ഇത്തരം ഒരു മധ്യസ്ഥതയുടെ കടമയും ഉണ്ട്. ഇതിനെ മാലാഖമാർക്ക് അടുത്ത നിസ്വാർത്ഥമായ കർമ്മം എന്നാണ് വിശേഷിപ്പിക്കുന്നത്.

## പ്രാർത്ഥനയിലെ പ്രതീകങ്ങൾ

പ്രതീകങ്ങളുടെ (Symbols) ഉപയോഗം നമ്മുടെ ആരാധന യിലെ പ്രത്യേകതയാണ്. ബുദ്ധിയിൽ അളക്കുവാൻ കഴിയാത്തവയെ പ്രതിനിധീകരിക്കുന്നവയാണ് പ്രതീകങ്ങൾ. നമ്മുടെ പാരമ്പര്യ ത്തിൽ പ്രാർത്ഥനകൾ വാക്കുകളിൽമാത്രം ഒതുങ്ങുന്നില്ല. നോമ്പും ഉപവാസവും കുമ്പിടീലും കുരിശുവരയും നിശബ്ദതയും എല്ലാം അതിനോട് ചേർന്നിരിക്കുന്നു. ആത്മാവിനെ ശരീരത്തിൽനിന്ന് വേർപെടുത്തിക്കൊണ്ടുള്ള ആത്മികതയല്ല പൗരസ്ത്യപാരമ്പര്യ ത്തിലുള്ളത്. കുമ്പിടീൽ പ്രാർത്ഥനയിൽനിന്ന് മാറി നിൽക്കാത്തത് അതിനാലാണ്. ശരീരവും ആത്മാവും പ്രാർത്ഥനയിൽ പങ്കുചേ രുന്നു. ശരീരത്തെ മാറ്റിനിർത്തിക്കൊണ്ടല്ല അനുതാപത്തെയും കാണേണ്ടത്.

സർവവ്യാപിയായ ദൈവം ഇല്ലാത്ത ഒരു ദിക്കും ഇല്ല. എങ്ങോട്ട് തിരിഞ്ഞുനിന്നു പ്രാർത്ഥിച്ചാലും ദൈവം കേൾക്കും. എങ്കിലും പുരാതനസഭകളിൽ കിഴക്ക് ദിക്ക് ഒരു പ്രതീകമാണ്. കർത്താവിന്റെ വരവ് കിഴക്ക് നിന്നായിരിക്കുമെന്നും (വി. മത്താ. 24:27), ദൈവതേജസ് കിഴക്ക് നിന്ന് വരുന്നതായി യെഹസ്ക്കിയേലിന്റെ ദർശനവും സൂചി പ്പിക്കുന്നു (യെഹ. 43:1,2). രക്ഷകന്റെ ജനനസമയത്ത് കിഴക്ക് ദിക്കി ലാണ് അടയാളങ്ങൾ പ്രത്യക്ഷമായത്. ഏദൻ തോട്ടം സ്ഥാപിക്ക പ്പെട്ടത് കിഴക്കു ദിക്കിലാണ്. പറുദീസായുടെ അനുഭവത്തിനായി നോക്കിപ്പാർത്തിരിക്കുന്ന പ. സഭ കിഴക്കിന് പ്രാധാന്യം നൽകുന്നു.

ക്നാനായക്കാരിയുടെയും അന്ധനായ ബർത്തിമായിയുടെയും യാചനയിൽ മടുപ്പില്ലാത്ത പ്രത്യാശ ഉണ്ടായിരുന്നു. ന്യായാധിപനിൽ നിന്ന് നീതിനേടിയെടുത്ത വിധവയും ഇതിന് ഉദാഹരണമാണ്.

തീവ്രമായ വിശ്വാസമാണ് രക്തസ്രാവക്കാരിയെ സൗഖ്യമാക്കിയത്. തിക്കിത്തിരക്കുന്ന ജനത്തിന്റെ മധ്യേ തന്റെ വസ്ത്രത്തെ സ്പർശിച്ച സ്ത്രീയെ തിരയുന്ന യേശു, വിശ്വാസപൂർവ്വം പ്രാർത്ഥിക്കുന്നവർക്കായി ശ്രദ്ധയോടെ കേൾക്കുന്ന ദൈവമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. 'യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും,' 'മലയോട് കടലിൽ ചാടാൻ പറഞ്ഞാൽ അത് അനുസരിക്കും' എന്ന് കർത്താവ് പഠിപ്പിക്കുമ്പോൾ പ്രാർത്ഥനയിൽ വിശ്വാസത്തിന്റെ തീവ്രത പ്രധാനമാണെന്ന് പഠിപ്പിക്കുന്നു.

നിർമ്മലമായ സാക്ഷ്യജീവിതവും സ്നേഹത്തിന്റെ പ്രവൃത്തികളുമാണ് പ്രാർത്ഥനയിലൂടെ തെളിയുന്നത്. 'കർത്താവേ കർത്താവേ' എന്നു വിളിച്ചതിനും കർത്തൃനാമത്തിൽ അത്ഭുതം ചെയ്തതിനും ഉപരിയായി സ്നേഹത്തിന്റെ പ്രവൃത്തികളാണ് ദൈവസന്നിധിയിൽ സ്വീകാര്യമായത്. പ്രാർത്ഥന അത്ഭുതത്തിനുള്ള മാർഗമല്ല. വിശ്വസിക്കുന്നവരാൽ അടയാളങ്ങൾ സംഭവിക്കും. എന്നാൽ അത് ആത്മികതയുടെ ഉന്നതമായ അവസ്ഥയല്ല.

## പ്രാർത്ഥനയും വിശുദ്ധിയും

കളങ്കിതമനസോടെ പ്രാർത്ഥിക്കരുത്. ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നവന് ദൈവത്തിൽനിന്ന് മറുപടി സ്വീകരിക്കുവാൻ അർഹതയുണ്ട്. മറുപടി ലഭിക്കാത്ത പ്രാർത്ഥനയ്ക്ക് ഉദാഹരണമാണ്, യോശുവായുടെ നിലവിളി (യോശു. 7:6–9). ദൈവം കേൾക്കാത്ത പ്രാർത്ഥനയ്ക്കു കാരണം ഹൃദയത്തിന്റെ അശുദ്ധിയാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും" എന്ന് കർത്താവ് പഠിപ്പിക്കുന്നുണ്ട്. പ്രാർത്ഥന കേൾക്കപ്പെടുവാൻ ഹൃദയനൈർമല്യം ഒരു യോഗ്യതയാണ്. ഇത്തരം ഒരു അനുഭവം നേടിയെടുക്കുവാൻ മനസ്സിനെയും ശരീരത്തെയും പരുവപ്പെടുത്തി എടുക്കണം. നോമ്പും പ്രാർത്ഥനയും ഉപവാസവും ഇത്തരം പാകപ്പെടുത്തലിന്റെ പാതയാണ്. കർത്താവിന് യോഗ്യമാംവണ്ണം ജീവിക്കുമ്പോഴാണ് പ്രാർത്ഥന ശക്തമാകുന്നത്. ജീവിത വിശുദ്ധിയില്ലാത്ത പ്രാർത്ഥന പരീശന്റെ പ്രാർത്ഥനയ്ക്ക് തുല്യം.

എളിമയുടെ അനുഭവം പ്രാർത്ഥനയെ ശുദ്ധീകരിക്കുന്നു. അനുതാപവും വിനയവും ഹൃദയശുദ്ധിയുടെ ലക്ഷണമാണ്. ചുങ്കക്കാരന്റെ അനുതാപവും വിനയവും അവനെ നീതീകരിച്ചു (വി. ലൂക്കോ. 18:9–14). അനുതപിക്കുക എന്നാൽ ദൈവത്തിന്റെ

പരിശുദ്ധിയിലേക്ക് തിരിഞ്ഞ് ദൈവത്തിന് പ്രീതികരമായി ജീവിക്കുക എന്നാണ് അർത്ഥം.

## പ്രാർത്ഥനയിൽ ശ്രദ്ധിക്കേണ്ടവ

- 'എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടംപോലെ ആയിരിക്കട്ടെ' എന്ന സമർപ്പണവും ആത്മാർത്ഥതയും വിശുദ്ധിയും പ്രാർത്ഥനയ്ക്കുണ്ടായിരിക്കണം.
- പ്രാർത്ഥനകൾ നന്മയ്ക്കായി തീരണം. സ്വാർത്ഥത പ്രാർത്ഥനയിൽ കലരരുത്.
- വിശ്വാസപൂർവമുള്ളപ്രാർത്ഥന ഫലം നൽകുന്നു (വി. മത്താ. 21:22, വി. യാക്കോ. 5:15).
- ദൈവത്തിന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കണം. *ഉദാ.* (മാർത്തയുടെയും മറിയയുടെയും കാത്തിരിപ്പ്, സക്കറിയാ -എലിസബേത്ത് ദമ്പതിമാരുടെ കാത്തിരിപ്പ്).
- ദൈവവുമായുള്ള സംസർഗമാണ്: പ്രാർത്ഥന. യാചന അതിലെ ഭാഗം മാത്രം.
- മൗനപ്രാർത്ഥനയും 'യേശുവേ, ദാവീദുപുത്രാ, എന്നോട് കരുണ തോന്നേണമേ' എന്ന ഉരുവിടലും പിശാചിനെ അകറ്റി നീതിയിൽ കാക്കുന്നു.
- പാപങ്ങൾ ഏറ്റു പറഞ്ഞതിന് ശേഷമാണ് പ്രാർത്ഥിക്കേണ്ടത്. ഹൃദയത്തിൽ അകൃത്യം വച്ചുകൊണ്ട് പ്രാർത്ഥിക്കരുത് (2 ശമു. 12:16, യോശു. 7:9-13).
- ആർത്തിയിൽനിന്നുള്ള പ്രാർത്ഥന ഫലശൂന്യമാണ് (വി. യാക്കോ. 4:3).
- പ്രാർത്ഥനയോടൊപ്പം ദൈവപ്രസാദത്തിനനുസൃതമായ പ്രവൃത്തികൾ പ്രധാനമാണ് (1 യോഹ. 3:22).
- രാവിലെയും വൈകിട്ടുമുള്ള കുടുംബപ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ എല്ലാവരും സംബന്ധിക്കണം. രഹസ്യപ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുകയും വേണം.

# വി. മാമോദീസാ

ഒരു വിശ്വാസി ആദ്യമായി സ്വീകരിക്കുന്ന കൂദാശയാണ് വി. മാമോദീസാ. ത്രിത്വനാമത്തിലാണ് മാമോദീസാ നൽകുന്നത്. വി. മാമോദീസായിലൂടെയാണ് വീണ്ടും ജനിക്കുന്നത്. വീണ്ടും ജനനം നടക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. ആ പരിശുദ്ധാത്മാവിന്റെ അടയാളമായ വി. മൂറോനാൽ സ്നാനാർത്ഥിയെ മുദ്രയിടുന്നു. അതു മുഖാന്തിരമായി പിതാവാം ദൈവത്തിന്റെ മക്കൾ എന്ന പദവി (പുത്രസ്വീകാര്യം) പ്രാപിക്കുന്നു.

ആദാമിന്റെ അനുസരണക്കേട് മൂലം മനുഷ്യവർഗ്ഗത്തിന് ഉണ്ടായ വീഴ്ചയിൽനിന്നുമുള്ള മോചനം (പാപമോചനം) മാമോദീസായിലൂടെ ലഭിക്കുന്നു. ഇവയിലൂടെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗമായിത്തീരുന്നു. സഭാവിശ്വാസികളുടെ മക്കൾക്ക് ശൈശവത്തിൽതന്നെ മാമോദീസാ നൽകുന്ന പതിവാണ് ഉള്ളത്. എന്നാൽ സഭയുടെ വിശ്വാസം സ്വീകരിക്കുന്ന മറ്റുള്ളവർക്ക് പ്രായഭേദമെന്യേ മാമോദീസാ നൽകുന്നതിന് സഭ അനുവദിക്കുന്നുണ്ട്.

'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയില്ല' (വി. യോഹ. 3:3). ജലത്താലും ആത്മാവിനാലും വീണ്ടും ജനനം നൽകുന്ന മാമോദീസാ യോഹന്നാൻ സ്നാപകന്റെ മാമോദീസാ അല്ല. യോഹന്നാൻ സ്നാപകൻ നൽകിയത് അനുതാപസ്നാനം മാത്രമായിരുന്നു. പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്ന യേശുവിനെക്കുറിച്ച് യോഹന്നാൻ ശിഷ്യന്മാരോട് പറയുന്ന സാക്ഷ്യം വി. മത്താ. 3:11-ൽ കാണുന്നു.

## ശിശുസ്നാനം വേദാനുസൃതമാണ്

ശിശുസ്നാനം വേദാനുസൃതമല്ല എന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന വാദഗതികൾ:

1. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (വി. മർക്കോ. 16:16) എന്ന വേദഭാഗം.

ഈ വാക്യം ഉൾപ്പെടുന്ന വേദഭാഗം (വി. മർക്കോ. 16:9–20) ഒരു ബ്രാക്കറ്റിനുള്ളിലാണ് ചേർത്തിരിക്കുന്നത്. ഇത് വി. മർക്കോസിന്റെ സുവിശേഷത്തിന്റെ മൂലരൂപത്തിലുള്ളതല്ല.

2. ശിശുക്കൾക്ക് സ്വയം ചിന്തിക്കുവാനോ വിശ്വാസം ഏറ്റുപറയുവാനോ ഉള്ള കഴിവില്ല.

   കുഞ്ഞുങ്ങൾക്ക് ദൈവകൃപ പ്രാപിപ്പാനുള്ള കഴിവുണ്ട്. ഉദാഹരണമായി, വി. യോഹന്നാൻ മാതൃഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവിൽ നിന്ന് ദൈവസാന്നിദ്ധ്യം ഗ്രഹിക്കുകയും പ്രതികരിക്കുകയും ചെയ്തു (വി. ലൂക്കോ. 1:44). യിരമ്യാ പ്രവാചകനെ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ ശുദ്ധീകരിച്ച് പ്രവാചകനായി നിയമിച്ചു (യിരമ്യ 1:5).

3. ശിശുക്കൾക്ക് മാമോദീസാ നൽകുമ്പോൾ വിശ്വാസം ഏറ്റുപറയുന്നത് മദ്ധ്യസ്ഥരാണ്.

മറ്റുള്ളവരുടെ വിശ്വാസംമൂലം കൃപ ലഭിച്ചവരെപ്പറ്റി വേദപുസ്തകം സാക്ഷിക്കുന്നു. പക്ഷവാതക്കാരൻ (വി. മർക്കോസ് 2:5), ശതാധിപന്റെ ഭൃത്യൻ (വി. മത്താ. 8:5–13) എന്നിവർ ഉദാഹരണങ്ങളാണ്.

കൂടാതെ, കുടുംബങ്ങൾ മാമോദീസാ ഏറ്റതായി വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പോ.പ്ര. 10:24–28; 16:15; 16:31–33). ലുദിയാ, കൊർന്നല്യോസ്, കാരാഗൃഹപ്രമാണി എന്നിവർ കുടുംബമായി സ്നാനമേറ്റവരാണ്. കുടുംബമായി മാമോദീസാ ഏൽക്കുമ്പോൾ കുട്ടികളും ഉൾപ്പെടുന്നത് സ്വാഭാവികമാണല്ലോ.

## വി. മാമോദീസാക്രമം

മാതാപിതാക്കൾക്കു പുറമെ, സഭയുടെ പ്രതിനിധിയായി സഭാംഗമായ ഒരാൾ കുഞ്ഞിനെ സത്യവിശ്വാസത്തിൽ വളർത്തിക്കൊള്ളാം എന്ന് ഉറപ്പു നൽകുകയും കുഞ്ഞിനുവേണ്ടി വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്നു. വി. മാമോദീസായോടൊപ്പം മറ്റ് രണ്ട് കൂദാശകൾകൂടി (വി. മൂറോൻ, വി. കുർബ്ബാന) സ്നാനാർത്ഥി സ്വീകരിക്കുന്നു. വി. മാമോദീസാ, വി. മൂറോൻ എന്നീ കൂദാശകൾ ആവർത്തിക്കപ്പെടുന്നില്ല.

## ശുശ്രൂഷയുടെ ഘടനയും പ്രാർത്ഥനകളുടെ രത്നച്ചുരുക്കവും

13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബാർ എബ്രായ ക്രോഡീകരിച്ച ക്രമമാണ് ഇന്ന് നാം മാമോദീസായിൽ ഉപയോഗിക്കുന്നത്.

### 1. ഒരുക്കശുശ്രൂഷ

വിശ്വാസപ്രമാണം ചൊല്ലുന്നതുവരെയുള്ള ഭാഗമാണ് ഒരുക്കശുശ്രൂഷ. 'അഗ്നിയാലും ആത്മാവാലും ജ്ഞാനസ്നാനം നൽകുവാൻ പരിശുദ്ധ ശ്ലീഹന്മാരെ വിശ്വാസപൂർവ്വം ഏല്പിച്ച ആത്മീയ പൗരോഹിത്യശുശ്രൂഷയ്ക്ക് ഞങ്ങളെയും യോഗ്യരാക്കണമേ' എന്ന പ്രാരംഭപ്രാർത്ഥനയോടെ ഒരുക്കശുശ്രൂഷ ആരംഭിക്കുന്നു.

ഒരുക്കശുശ്രൂഷയിൽ ചേർത്തിരിക്കുന്ന പ്രുമിയോൻ-സെദ്റയിൽ മാമോദീസായിലൂടെ ലഭിക്കുന്ന നൽവരങ്ങളെ വിശദീകരിക്കുന്നു. ആത്മീയ തൊഴുത്തിലേക്ക് പ്രവേശിപ്പിക്കുന്ന സ്നാനത്തിലൂടെ ദൈവിക കല്പനകൾ ആചരിക്കുവാനുള്ള ക്ഷണം ലഭിക്കുന്നു. റോമാലേഖനം 5:20-6:4 വരെയുള്ള ഭാഗം ശ്ലീഹാവായനയിൽ ചേർത്തിരിക്കുന്നു. ക്രിസ്തുവിനോടൊപ്പം ഉള്ള മരണവും കബറടക്കവും ഉയർത്തെഴുന്നേല്പുമാണ് മാമോദീസാ എന്നു പഠിപ്പിക്കുന്ന ഭാഗമാണിത്.

അഗ്നികൊണ്ടും ആത്മാവുകൊണ്ടും ഉള്ള പുതിയ മാമോദീസായെക്കുറിച്ച് യോഹന്നാൻ സ്നാപകൻ പറയുന്ന ഭാഗമാണ് (വി. ലൂക്കോ. 3:15-16, വി. യോഹ 3:5, 6) ഏവൻഗേലിയോൻ.

രഹസ്യപ്രാർത്ഥനകൾ ചൊല്ലുമ്പോൾ ജനമെല്ലാം കുറിയേലായിസോൻ എന്ന് അപേക്ഷിക്കുന്നു. ഉത്ഥാനംചെയ്ത കർത്താവ് ശ്ലീഹന്മാരുടെമേൽ ഊതി പരിശുദ്ധാത്മാവിനെ പകർന്നതുപോലെ 'നിന്റെ ഏകപുത്രൻ ശിഷ്യന്മാരിൽ ഊതിയതായ ദൈവികശ്വാസം ഇവനും നൽകണമേ' എന്ന് ചൊല്ലിക്കൊണ്ട് മുഖത്ത് കുരിശാകൃതിയിൽ ഊതുന്നു. മൂറോൻ കൂടാതെ ത്രിത്വനാമത്തിൽ മുദ്രയിട്ട ശേഷം സ്നാനാർത്ഥി പടിഞ്ഞാറേക്ക് തിരിഞ്ഞ് സാത്താനെ ഉപേക്ഷിക്കുന്നു. കിഴക്ക് ദിക്കിലേക്ക് തിരിഞ്ഞുനിന്ന് മശിഹായെയും ശ്ലീഹന്മാരിലൂടെ ലഭിച്ച ദൈവിക കല്പനകളെയും സ്വീകരിക്കുന്നു. സ്നാനാർത്ഥിക്ക് നേരെ തിരിഞ്ഞ് ശപഥം ചെയ്യിച്ച് സാത്താനെ ഉപേക്ഷിക്കുന്ന പ്രതിജ്ഞ ചൊല്ലുന്നു. വിശ്വാസപ്രമാണത്തോടുകൂടെ ഒരുക്കശുശ്രൂഷ അവസാനിക്കുന്നു.

## 2. മാമോദീസാതൊട്ടിയിലുള്ള സ്നാനത്തിന്റെ ക്രമം

മാമോദീസായ്ക്ക് മുമ്പായി സന്തോഷതൈലത്താൽ മുദ്ര കുത്തുന്നു. യേശുക്രിസ്തു സന്തോഷവുമായി സ്നാനാർത്ഥിയുടെ ജീവിതത്തിലേക്ക് വരുന്നു എന്ന് ഈ അഭിഷേകം സൂചിപ്പിക്കുന്നു. തുടർന്ന് മാമോദീസാ തൊട്ടിയിൽ ചൂടുവെള്ളവും തണുത്തവെള്ളവും സംയോജിപ്പിച്ച് തൊട്ടിയിൽ കുരിശുവച്ച് ശോശപ്പാ കൊണ്ട് മൂടുന്നു. ആത്മിയ ഉദരവും നാശമില്ലായ്മയെ വാർക്കുന്ന മൂശയും ആയിത്തീരുവാൻ പരിശുദ്ധാത്മശക്തി കലർത്തുവാൻ പ്രാർത്ഥിക്കുന്നു. ശോശപ്പാ നീക്കിയശേഷം വെള്ളത്തിന്മേൽ മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ ഊതുന്നു. വി. കുർബാനയിലെപ്പോലെ കൈ ആവസിപ്പിച്ച് പരിശുദ്ധാത്മ ആഹ്വാനം നടത്തുന്നു. വെള്ളത്തിൽ മൂന്നുപ്രാവശ്യം കുരിശു വരച്ച് ശുദ്ധീകരിക്കുന്നു. പഴയ മനുഷ്യൻ പുതുതാക്കപ്പെട്ട് നവീകരിക്കപ്പെടുവാൻവേണ്ടി പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണമായ വി. മൂറോൻ ഒഴിച്ച്, സ്നാനാർത്ഥിയെ ഇരുത്തി വലതുകരം തലയിൽവച്ച് ഇടതു കരംകൊണ്ട് കുരിശാകൃതിയിൽ നാലു വശത്തുനിന്നും വെള്ളം കോരി തലയിൽ ഒഴിച്ച് ത്രിത്വനാമത്തിൽ 'ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ മാമോദീസാ മുങ്ങുന്നു' എന്ന് പ്രഖ്യാപിക്കുന്നു.

## 3. മൂറോനഭിഷേകവും കിരീടധാരണവും

മൂറോനഭിഷേകം കൂടാതെ മാമോദീസാ പൂർണ്ണമാകുന്നില്ല. ജീവനുള്ള ആലയമായി വേർതിരിച്ച് ത്രിത്വനാമത്തിൽ മുദ്രയിട്ട് അഭിഷേകം ചെയ്യുന്നു. ദേവാലയകൂദാശയ്ക്കും മാമോദീസായ്ക്കുമാണ് വി. മൂറോൻ ഉപയോഗിക്കുന്നത്. 'മശിഹായുടെ പരിമളവാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ' വി. മൂറോനഭിഷേകത്താൽ മശിഹായുടെ ഭടന്റെ മുദ്രയും നിത്യജീവനും പ്രകാശപുത്രനായി തേജസ്സിൽനടന്ന് ജീവന്റെ പൂർണതയിൽ എത്തുവാനുള്ള പ്രാപ്തിയും പ്രാപിക്കുന്നു.

ആദിമസഭയിൽ അപ്പോസ്തോലന്മാർ കൈവച്ച് പരിശുദ്ധാത്മാവിനെ പകർന്ന് നൽകിയിരുന്നു. പിൽക്കാലത്ത് പല സഭകളിലും ബിഷപ്പുമാർ കൈവച്ച് പ്രാർത്ഥിക്കുന്ന സ്ഥിരീകരണ ശുശ്രൂഷ നടത്തിയിരുന്നു. ഇന്നും ആ പതിവ് തുടരുന്ന സഭകളുണ്ട്.

കിരീടധാരണം നടത്തിയശേഷം പ്രാർത്ഥനയോടുകൂടെ അത് ഊരിമാറ്റുന്നു. 'നല്ല അവസാനം പ്രാപിക്കുന്നവർക്ക് സൂക്ഷിച്ച് വച്ചിരിക്കുന്ന കിരീടം സ്വർഗരാജ്യത്തിൽ ഈ സ്നാനാർത്ഥിയും പ്രാപിക്കണമേ' എന്ന് ചൊല്ലുന്നതിൽനിന്നും മഹത്വത്തിന്റെ കിരീടത്തിന്റെ പ്രതീകമാണ് ഇവിടെ ധരിപ്പിക്കുന്നത് എന്ന് മനസിലാക്കാം.

## 4. വി. കുർബാനാനുഭവം

വി. കുർബാനയുടെ പങ്കാളിത്തത്തോടുകൂടെയാണ് മാമോദീസാ പൂർത്തീകരിക്കപ്പെടുന്നത്. 'പറുദീസയിലാദം ആഗ്രഹിച്ചിട്ടും ലഭിക്കാത്ത ജീവന്റെ ഫലം നൽകുന്നു' എന്ന് പറഞ്ഞുകൊണ്ടാണ് വി. കുർബാന നൽകുന്നത്. തുടർന്ന് വി. മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസ് ചുംബിപ്പിക്കുന്നു. ഹൂത്തോമോ ചൊല്ലുന്നതോടുകൂടെ ശുശ്രൂഷകൾ അവസാനിക്കുന്നു. വി. കുർബാന സ്വീകരണത്തോടുകൂടെ വിശുദ്ധഗണത്തിലെ അംഗവും ദാനങ്ങളിൽ പൂർണ്ണരുമായിത്തീരുന്നു. തുടർന്ന് തലതൊടുന്ന ആളിന്റെയും മാതാപിതാക്കളുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ച് കാർമ്മികൻ പ്രബോധനം നൽകുന്നു.

# വി. വിവാഹകൂദാശ

ഏദനിൽവച്ച് സ്ഥാപിക്കപ്പെട്ട കൂദാശയാണ് വിവാഹം (ഉല്പത്തി 2:18) വിവാഹം മാന്യമാണ് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ലോകത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വിവാഹം അത്യന്താപേക്ഷിതമാണ്. എന്നാൽ വൈദികസ്ഥാനികളായി കഴിഞ്ഞാൽ വിവാഹത്തിലേക്ക് പ്രവേശിക്കുവാൻ ഓർത്തഡോക്സ് സഭയിൽ അനുവാദമില്ല. സ്നേഹവും വിശ്വസ്തതയുമാണ് വിവാഹത്തിൽ പരസ്പരം ഒന്നാകുന്ന ഘടകങ്ങൾ.

## വിവാഹത്തിന്റെ കൗദാശികസ്വഭാവം

യേശുക്രിസ്തു സന്നിഹിതനായ വിവാഹവിരുന്നിനെക്കുറിച്ച് സുവിശേഷം സാക്ഷിക്കുന്നു (വി. യോഹ 2:1–2). ഇതിൽനിന്നും വിവാഹബന്ധത്തെ യേശുക്രിസ്തു വിശുദ്ധമായി കരുതിയിരുന്നു എന്നു മനസ്സിലാക്കാം.

വിവാഹം ഒരു ഉടമ്പടിയല്ല. ഉടമ്പടി എപ്പോൾ വേണമെങ്കിലും ലംഘിക്കപ്പെടാം. ഉടമ്പടി ലംഘനം വിവാഹമോചനത്തിലേക്ക് നയിക്കും. എന്നാൽ ക്രിസ്തീയസഭയിൽ വിവാഹം ഒരു കൂദാശയാണ്. തമ്മിൽ വേർപിരിയാൻ പാടില്ലാത്തവിധം ഒന്നായിത്തീരുന്ന കൂദാശയാണത്. 'ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' എന്നത് ദൈവിക കല്പനയാണ്. വിവാഹത്തിന്റെ കൗദാശിക സ്വഭാവം ഇതിൽനിന്ന് വ്യക്തമാകുന്നു. മനുഷ്യരുടെ ഹൃദയകാഠിന്യം നിമിത്തമാണ് വിവാഹമോചനം ഉണ്ടായത്. 'ആദിയിൽ അങ്ങനെ ആയിരുന്നില്ല' എന്നാണ് കർത്താവ് പഠിപ്പിച്ചത് (വി. മത്താ 19:3–8).

## വിവാഹകൂദാശയുടെ നിബന്ധനകൾ

വരനും വധുവും സഭാംഗങ്ങൾ ആയിരിക്കണം. വി. കുർബാന സ്വീകരണത്തിനു അർഹതയുള്ളവരും ധാർമ്മിക ജീവിതം നയിക്കുന്നവരും ആയിരിക്കണം. സഭയുടെ കാനോനുകൾ അനുശാസിക്കുന്നപ്രകാരമുള്ള തലമുറകളുടെ അന്തരം ഉണ്ടായിരിക്കണം.

സ്വന്ത ഇഷ്ടത്താൽ എല്ലാ വിധത്തിലും ഒരുങ്ങി സ്വമനസ്സാൽ കൂദാശ സ്വീകരിക്കണം. സഭ നിഷ്ക്കർഷിച്ചിട്ടുള്ള ദിവസങ്ങളിൽ മാത്രമേ കൂദാശ നടത്തുവാൻ അനുവാദമുള്ളൂ.

## വിളിച്ചുചൊല്ല്

വിവാഹവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ പ്രധാനമാണ് 'വിളിച്ചുചൊല്ല്'. വിവാഹം നിശ്ചയിച്ച ശേഷമാണ് ഇടവകയിൽ വിവാഹത്തെ സംബന്ധിച്ച വിവരം പ്രസിദ്ധപ്പെടുത്തുന്നത്. കാനോനികമായ തടസങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തുവാൻ പുരോഹിതൻ ഇടവകയോട് ആവശ്യപ്പെടുന്നു. വിവാഹ കൂദാശയ്ക്ക് സാമൂഹികവും കൗദാശികപരവുമായ തലങ്ങൾ ഉണ്ട്.

## വിവാഹകൂദാശ ക്രമം

വിവാഹകൂദാശയിൽ രണ്ട് ഭാഗങ്ങളുണ്ട്.

1. മോതിരം വാഴ്വിന്റെ ക്രമം
2. കിരീടം വാഴ്വിന്റെ ക്രമം

കുമ്പസാരിച്ച് വി. കുർബാന അനുഭവം നടത്തിയ വധൂവരന്മാർ തോഴ്മക്കാരോടൊപ്പം മദ്ബഹായുടെ മുമ്പിൽ നിൽക്കുന്നു. മന്ത്രകോടിയും മോതിരങ്ങളും മാലകളും മിന്നും നമസ്ക്കാരമേശയിൽ ക്രമീകരിച്ച് വയ്ക്കുന്നു. തുടർന്ന് ശുശ്രൂഷകൾ ആരംഭിക്കുന്നു.

### മോതിരം വാഴ്വിന്റെ ക്രമം

സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെയാണ് ഭാര്യാഭർതൃബന്ധത്തെക്കുറിക്കുവാനും പ. പൗലോസ് ഉപയോഗിക്കുന്നത് (എഫെ. 5:22-33). വിവാഹകൂദാശയിലെ ഗീതങ്ങളിലും പ്രാർത്ഥനകളിലും ഇതു കാണുന്നു. ആത്മാർത്ഥമായ സ്നേഹവും യോജിപ്പും ശാന്തതയും വികാരഭരിതമല്ലാത്ത ഐക്യവും ദമ്പതികൾക്കു ലഭിക്കുവാനുള്ള പ്രാർത്ഥനകൾക്കുശേഷം ആത്മാവിലും ശരീരത്തിലും നിർമ്മലത സംരക്ഷിക്കുവാൻ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുന്നു. ബലഹീനനും ദുർബലനുമായ മനുഷ്യന് വിവാഹത്തിന്റെ ശ്രേഷ്ഠകരമായ ലക്ഷ്യം നേടുക എന്നത് പ്രയാസകരമാണ്. അതിനാൽ ദൈവകൃപയ്ക്കായി സഭ മുഴുവൻ ദമ്പതികൾക്കായി പ്രാർത്ഥിക്കുന്നു. തുടർന്ന് മോതിരം വാഴ്ത്തി ധരിപ്പിക്കുന്നു. ഭവനങ്ങ

ളിൽവച്ച് എടുത്ത തീരുമാനം സഭയിൽ കൗദാശികമായി അംഗീകരിച്ച് ഉറപ്പിക്കുന്നു.

## കിരീടം വാഴ്വിന്റെ ക്രമം

പൂർവ്വികരുടെ വിവാഹബന്ധത്തെ ആശീർവദിച്ച അതേ വലതുകരത്തിന്റെ നീട്ടപ്പെടലിനായി പ്രാർത്ഥിക്കുന്നു. എഫെ. 5:20–6:3 വരെയുള്ള ഭാഗങ്ങളാണ് ലേഖനവായന. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തോട് തുല്യമായി ഭാര്യാഭർത്തൃബന്ധത്തെ ഉപമിക്കുന്നു. ദൈവരാജ്യത്തെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന 'രഹസ്യം' (മിസ്റ്റേരിയോൺ) എന്ന പദവും അപ്പോസ്തോലൻ ഉപയോഗിക്കുന്നു. കൂദാശകൾക്കും ഇതേ പദമാണ് ഉപയോഗിക്കുന്നത്. ദൈവസ്നേഹമാണല്ലോ ദൈവരാജ്യത്തിന്റെ പ്രത്യേകത. അതുപോലെ സ്നേഹാഗ്നിയാൽ ഉജ്ജ്വലിക്കുന്നതാണ് ക്രിസ്തീയകുടുംബവും. ദൈവം യോജിപ്പിക്കുന്നതാണ് ക്രൈസ്തവകുടുംബങ്ങൾ എന്നും വിവാഹബന്ധത്തിന് 'വരം' ലഭിച്ചിരിക്കണം എന്നുമുള്ള കർത്താവിന്റെ പഠിപ്പിക്കൽ അടങ്ങുന്ന മത്താ. 19:1–12 വരെയുള്ള ഭാഗം (ഏവൻഗേലിയോൻ) വായിക്കുന്നു. തുടർന്ന് കിരീടങ്ങൾ ആശിർവദിച്ച് ആഘോഷപൂർവം ധരിപ്പിക്കുന്നു.

ഭാരതീയപാരമ്പര്യത്തിലെ താലിയുടെ ക്രൈസ്തവരൂപമാണ് മിന്ന്. ഭാരതീയ സംസ്കാരത്തിൽനിന്ന് കടമെടുത്ത ആചാരമാണ് മിന്നുകെട്ട്. മണവാട്ടിയെ മൂടുപടം ധരിപ്പിച്ച്, ഇരുവരെയും കരം പിടിപ്പിച്ച് ഉപദേശങ്ങളും ആശിർവാദവും നൽകുന്നു. കുക്കിലിയോനു ശേഷം വിവാഹരജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നു.

## രണ്ടാം വിവാഹം

ഒരു വിവാഹം മാത്രമേ അനുവദനീയമായിട്ടുള്ളൂ എങ്കിലും പങ്കാളിയുടെ മരണശേഷം പുനർവിവാഹം അനുവദിക്കുന്നു. വിവാഹത്തിന്റെ കൗദാശിക നന്മകൾ ആവർത്തിക്കപ്പെടാത്തതിനാൽ രണ്ടാം വിവാഹം ഏൽക്കുന്നയാൾക്ക് വിവാഹത്തിന്റെ കൂദാശ നൽകുന്നില്ല. അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലി കൈപിടിപ്പിക്കുന്ന ക്രമവും മൂടുപടം ധരിപ്പിക്കലും മിന്നുകെട്ടലുമാണ് നടത്തുന്നത്. വലിയനോമ്പിന്റെ ശുബ്ക്കോനോയിൽ ഉപയോഗിക്കുന്ന ഗീതങ്ങളാണ് രണ്ടാം വിവാഹത്തിലും ഉപയോഗിക്കുന്നത്. രണ്ട് ഭാഗങ്ങളായി ഇതും നടത്തപ്പെടുന്നു.

## വിവാഹജീവിതത്തിലേക്ക്

വൈകാരികതയ്ക്ക് ഉപരിയായി ആത്മികവും മാനസികവുമായ പക്വത ദമ്പതികൾക്കുണ്ടായിരിക്കണം. വിവാഹം രണ്ട് വ്യക്തികൾ തമ്മിലുള്ള ഉടമ്പടിയല്ല. രണ്ട് സംസ്ക്കാരങ്ങളും കുടുംബങ്ങളും ഒന്നായിത്തീരുന്ന സ്നേഹത്തിന്റെ അനുഭവമാണ്. ദമ്പതികളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിലെ അന്തരം വിവാഹജീവിതത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ബോധപൂർവ്വം ദമ്പതികൾ ശ്രമിക്കണം. വിവാഹം കൂദാശയാണ്. കൂദാശയ്ക്ക് ഒരുക്കവും ആത്മിക ചുറ്റുപാടും ഉണ്ടായിരിക്കണം. ആഡംബരത്തിന്റെ പ്രദർശനത്തിനുള്ളതല്ല ദേവാലയം. സ്നേഹമാണ് ദമ്പതികളെ ഒന്നിപ്പിക്കുന്ന ഘടകം. ത്യാഗവും കരുതലും അടങ്ങുന്നതാണ് യഥാർത്ഥസ്നേഹം. മാതാപിതാക്കളെ അകറ്റി പങ്കാളിയെ മാത്രം സ്നേഹിക്കുന്നതും മറിച്ചും ഉള്ള സമീപനങ്ങൾ അപക്വമാണ്.

## പട്ടത്വദാന ശുശ്രൂഷ

വിശുദ്ധജനമായ യിസ്രായേൽ മക്കൾക്കിടയിൽ പ്രത്യേക പുരോഹിതഗണത്തെ വേർതിരിച്ച് ശുദ്ധീകരിച്ചു. ദൈവികകൃപയിൽ തിരുവചനത്താലും കൗദാശികർമ്മങ്ങളാലും തിരുസഭയെ ശുശ്രൂഷിക്കുവാൻ നിയമിതരാണ് പൗരോഹിത്യസ്ഥാനികൾ. യേശുക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിൽ കൗദാശികമായി പങ്കുചേർന്ന് ശുദ്ധീകരിക്കപ്പെട്ട് ശുദ്ധീകരണം നൽകുന്ന വിളിയാണ് പൗരോഹിത്യം. യേശുക്രിസ്തുവിന്റെ പ്രതിനിധികളായി ക്രിസ്തുവിന്റെ ശുശ്രൂഷകരും ദിവ്യരഹസ്യങ്ങളുടെ പരികർമ്മികളുമായി ഒരുവൻ വിളിക്കപ്പെടുന്ന കൂദാശയാണ് പൗരോഹിത്യം.

പൗരോഹിത്യം ആവർത്തിക്കപ്പെടുവാൻ സാധ്യമല്ല. ഇത് എന്നെന്നേക്കുമായി പ്രാപിക്കുന്ന കൃപയും കൂദാശയുടെ സ്ഥിരസ്വഭാവവും വ്യക്തമാക്കുന്നു. ദൈവജനത്തിന്റെ സാന്നിധ്യത്തിൽ പ്രാർത്ഥനാപൂർവ്വം മേൽപ്പട്ടക്കാരൻ സ്ഥാനാർത്ഥിയുടെമേൽ കൈവയ്ക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ആവാസം സ്ഥാനാർത്ഥിക്ക് ലഭിക്കുന്നു.

### പൗരോഹിത്യം: ക്രിസ്തുവിൽനിന്ന് സ്വീകരിച്ച കൂദാശ

പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ കർത്താവ് പന്ത്രണ്ട് പേരെ തിരഞ്ഞെടുക്കുന്നു. അനേകം ശിഷ്യന്മാരും ശിഷ്യകളും ഉണ്ടായിരുന്ന കൂട്ടത്തിൽനിന്ന് പ്രത്യേക അധികാരം നൽകി അവരെ തിരഞ്ഞെടുത്തു (വി. മത്താ 10:1; വി. ലൂക്കോ 6:12). ഉയർത്തെഴുന്നേറ്റ കർത്താവ് ശ്ലീഹന്മാരുടെമേൽ ഊതി അവർക്ക് പരിശുദ്ധാത്മാവിനെ നൽകുന്നു. പാപമോചനത്തിനുള്ള അധികാരവും നൽകുന്നു (വി. യോഹ 20:22, 23).

ഏഴ് ശെമ്മാശന്മാരെ തിരഞ്ഞെടുത്ത് അപ്പോസ്തലന്മാരുടെ മുമ്പാകെ നിർത്തി. അവർ പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് (അപ്പോ.പ്ര. 6:6) ശുശ്രൂഷകരായി നിയമിക്കുന്നു. ശൗലിനെയും ബർന്നബാസിനെയും വേർതിരിച്ച് ഉപവസിച്ച് പ്രാർത്ഥിച്ച് അവരു

ടെമേൽ കൈവയ്ക്കുന്നു (അപ്പോ.പ്ര. 13:3). സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് തന്റെ ശ്ലീഹന്മാർക്ക് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള അധികാരം നൽകുന്നു (വി. മത്താ. 28:16-20). കർത്താവിൽനിന്ന് ശ്ലീഹന്മാരും ശ്ലീഹന്മാരിൽനിന്ന് പിതാക്കന്മാരും അവരിൽനിന്ന് മേൽപ്പട്ടക്കാരും പ്രാപിച്ച നൽവരമാണ് പൗരോഹിത്യം. ശ്ലൈഹികപിന്തുടർച്ചയുള്ള സഭകളിൽ ഈ നൽവരം കൈമാറ്റം ചെയ്യപ്പെടുന്നു.

പൗലോസ് ശ്ലീഹാ തീമോത്തിയോസിന് കൈവപ്പ് നൽകിയത് 2 തീമോ. 1:6-ൽ രേഖപ്പെടുത്തിയിരിക്കുന്നു. 'എന്റെ കൈവയ്പ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം.' അപ്പോസ്തോലന്മാരും മൂപ്പന്മാരും കൈവെയ്പ് ശുശ്രൂഷയിലൂടെ സഭാശുശ്രൂഷകരെ നിയമിച്ചിരുന്നു. 'മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്ക് ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്' (1 തീമോ. 4:14) എന്ന് പൗലോസ്ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നു.

## പൗരോഹിത്യസ്ഥാനികൾ

സഭാശുശ്രൂഷകർക്കിടയിൽ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകരായും ചിലരെ ഇടയന്മാരായും മറ്റു ചിലരെ ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു (എഫെ. 4:11). പൗലോസ് ശ്ലീഹായുടെ ഇടയലേഖനങ്ങളിൽ ഇടയന്മാരുടെ യോഗ്യതകൾ പ്രതിപാദിച്ചിട്ടുണ്ട്. ശുശ്രൂഷയുടെ അടിസ്ഥാനത്തിൽ പൗരോഹിത്യസ്ഥാനികളെ പ്രധാനമായും മൂന്നായി തിരിച്ചിരിക്കുന്നു.

### 1. എപ്പിസ്കോപ്പാ

എല്ലാ കൂദാശകളും നടത്തുവാനുള്ള അധികാരം എപ്പിസ്കോപ്പായിൽ നിക്ഷിപ്തമാണ്. പള്ളിക്കൂദാശ, തബ്ലൈത്താകൂദാശ, പട്ടംകൊട എന്നിവയും, എപ്പിസ്കോപ്പായുടെ അധികാരങ്ങളിൽ ഉൾപ്പെടുന്നു. ഓരോ ഇടവകപ്പട്ടക്കാരനും എപ്പിസ്കോപ്പായുടെ പ്രതിനിധിയാണ്. നൽകപ്പെട്ടിരിക്കുന്ന ഭദ്രാസനത്തെ നേർവഴിയിൽ നടത്തുന്നതിനുള്ള ചുമതല എപ്പിസ്കോപ്പയ്ക്കുണ്ട്. ഇടയനായതിനാൽ അധികാരത്തിന്റെയും പരിപാലനത്തിന്റെയും പ്രതീകമാണ് അംശവടി. അപ്പോസ്തോലിക കൈവയ്പ്പിന്റെയും വിശ്വാസത്തിന്റെയും പിന്തുടർച്ച എപ്പിസ്കോപ്പായിലൂടെ വ്യാപരിക്കുന്നു.

അധികാരശ്രേണിയുടെ അടിസ്ഥാനത്തിൽ മെത്രാപ്പോലീത്ത, പാത്രിയാർക്കിസ് കാതോലിക്ക ഇങ്ങനെയുള്ള പദവികൾ മേൽപ്പെട്ട സ്ഥാനികൾക്കിടയിലുണ്ട്.

**2. കശീശ**

'മൂപ്പൻ' എന്ന് അർത്ഥമുള്ള സുറിയാനിപദം. ഇതിന്റെ ഗ്രീക്ക് രൂപം 'പ്രസ്ബിറ്റർ' എന്നാണ്. പ്രാദേശിക ഇടവകയുടെ പ്രധാന ചുമതലക്കാരാണ് കശീശന്മാർ. ആരാധനയ്ക്ക എപ്പിസ്കോപ്പായുടെ പ്രതിനിധിയായി നേതൃത്വം വഹിക്കുകയും പ്രാദേശിക ഇടവകകളുടെ ഭരണപരമായ ചുമതലകൾ ഇടവകയോഗവുമായി ചേർന്നു നിർവഹിക്കുകയും ചെയ്യുന്നു.

എപ്പിസ്കോപ്പാമാർക്ക് ഇടവകകളിൽ ചെന്നെത്തുവാൻ പ്രയാസം നേരിട്ടിരുന്ന കാലഘട്ടങ്ങളിൽ രൂപം പ്രാപിച്ച സ്ഥാനമാണ് കോറെപ്പിസ്കോപ്പാ സ്ഥാനം. 'ഗ്രാമത്തിന്റെ എപ്പിസ്കോപ്പാ' എന്നാണ് വാക്കിന്റെ അർത്ഥം. കശീശന്മാരിൽ പ്രധാനികളാണ് കോറെപ്പിസ്കോപ്പാ സ്ഥാനികൾ. ഇന്ന് ഭരണപരമായ ചുമതലകൾ ഇല്ലായെങ്കിലും ആദരസൂചകമായി ഈ സ്ഥാനം നൽകപ്പെടുന്നു. ചുവന്ന ഇടക്കെട്ടും കുരിശുമാലയും കുർബാനയിൽ കാപ്പയ്ക്ക് മുകളിലായി ധരിക്കുന്ന 'കോറിക്കാപ്പ'യുമാണ് സ്ഥാനികചിഹ്നങ്ങൾ.

റമ്പാൻ എന്നത് ദയറാകളിൽ നിലനിന്നിരുന്ന സ്ഥാനമാണ്. ഇത് പൗരോഹിത്യ സ്ഥാനമല്ല. പുരോഹിതന്മാർ അല്ലാത്തവർക്കും റമ്പാൻ സ്ഥാനം നൽകുന്ന രീതി സുറിയാനി സഭയിലുണ്ട്. പ.ഔഗേൻ കാതോലിക്കാ ബാവാ ശെമ്മാശനായിരിക്കുമ്പോൾ റമ്പാൻ സ്ഥാനം സ്വീകരിച്ചു. പൗരോഹിത്യസ്ഥാനികളല്ലാത്ത റമ്പാൻമാരെ 'ശർവോയോ റമ്പാൻ' എന്ന് വിളിക്കുന്നു.

കർത്താവിനെയും ശ്ലൈഹിക കല്പനകളെയും പൂർണ്ണമായി അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നതിന്റെ പ്രതീകമായ മസ്നപ്സായും മരക്കുരിശും ധരിക്കുന്നു. ദയറാക്കാർക്കിടയിൽ നിന്ന് മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കുന്ന പാരമ്പര്യത്തിൽനിന്നാണ് മേൽപ്പട്ട സ്ഥാനസ്വീകരണത്തിന് മുമ്പായി റമ്പാൻ സ്ഥാനം നൽകി വരുന്നത്.

**3. ശെമ്മാശന്മാർ**

'ശുശ്രൂഷിക്കുന്നവൻ' എന്നർത്ഥമുള്ള സുറിയാനി പദത്തിൽ നിന്നാണ് ശെമ്മാശൻ എന്ന പദം ഉണ്ടായത്. ഇതിനു തുല്യമായ

'ഡയക്കണോസ്' എന്ന ഗ്രീക്ക് പദത്തിൽനിന്ന് 'ഡീക്കൺ' എന്ന ഇംഗ്ലീഷ് പദവും ഉണ്ടായി. അപ്പോസ്തോലിക കാലം മുതൽ ശെമ്മാശന്മാർ ശുശ്രൂഷിച്ചിരുന്നു. സ്തേഫാനോസ് ശെമ്മാശൻ ശെമ്മാശന്മാരിൽ പ്രധാനിയാണ്.

ആരാധനയിൽ കാർമ്മികനും ജനത്തിനുമിടയിൽ മധ്യസ്ഥനായി ശെമ്മാശൻ നിൽക്കുന്നു. സാമൂഹികപരമായ ശുശ്രൂഷകളും ശെമ്മാശന്മാരിൽ നിക്ഷിപ്തമാണ് (*ഉദാ.* വിധവമാരെ ശുശ്രൂഷിക്കുന്നു. അപ്പോ.പ്ര. 6-ാം അദ്ധ്യായം).

സുറിയാനിപാരമ്പര്യത്തിൽ ശെമ്മാശൻ എന്നതുകൊണ്ട് ഉദ്ദേശ്യമാക്കുന്നത് പൂർണ്ണശെമ്മാശന്മാരെയാണ്. പട്ടക്കാരുടെ അസാന്നിധ്യത്തിൽ ധൂപാർപ്പണം നടത്തുവാനും പ്രത്യേക അവസരങ്ങളിൽ വി.കുർബാന കൊടുക്കുവാനും മാമോദീസാ അവശ്യഘട്ടങ്ങളിൽ നൽകുവാനും മൂറോൻതൈലം അഭിഷേകം ചെയ്യുവാനും അധികാരം നൽകിയിരിക്കുന്നു. ഇടത്തേ തോളിൽ ഇരുവശങ്ങളിലുമായി ഊറാറാ ധരിക്കുന്ന സ്ഥാനികളാണ് ശെമ്മാശന്മാർ.

യൗഫദ്യക്കിനോ (ഉപശെമ്മാശന്മാർ), കോറുയോ (വായനക്കാർ), സമ്റോനേ (പാട്ടുകാർ) എന്നിവർ ശെമ്മാശന്മാരിലെ വിവിധ സ്ഥാനികളാണ്.

## പട്ടാഭിഷേക ശുശ്രൂഷക്രമം

സഭാഭരണഘടനയും ശ്ലൈഹികപാരമ്പര്യവും കാനോനാകളും അനുശാസിക്കുന്ന യോഗ്യതയുള്ളവരെ അതാത് സ്ഥാനങ്ങൾക്കായി തിരഞ്ഞെടുക്കുന്നു. സഭയാണ് സ്ഥാനികളെ തിരഞ്ഞെടുക്കുന്നത് (2 കോരി. 8:19).

വി. കുർബാന മധ്യേ സഭയിൽവച്ചാണ് പട്ടംകൊട ശുശ്രൂഷ നടത്തപ്പെടുന്നത്. ഓരോ സ്ഥാനത്തിനും അനുയോജ്യമായ ക്രമങ്ങൾ ഉപയോഗിക്കുന്നുവെങ്കിലും പ്രധാനപ്പെട്ട ഭാഗങ്ങൾ ഇവയാണ്.

* പ്രാർത്ഥനകളും ഗീതങ്ങളും
* വേദപുസ്തക വായനകൾ (പഴയനിയമം, ശ്ലീഹാവായനകൾ, ഏവൻഗേലിയോൻ)
* സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞ് അംഗീകരിക്കുക (അമാലോഗിയാ)
* കൈവയ്പ്പും പരിശുദ്ധാത്മവിളിയും

* പട്ടത്വപ്രഖ്യാപനവും ത്രിത്വനാമത്തിലുള്ള മുദ്രയിടലും
* അംശവസ്ത്രധാരണം
* സ്ഥാനത്തിനടുത്ത അധികാരം ഭരമേൽപ്പിക്കുന്ന ശുശ്രൂഷ
* സമാധാന ചുംബനം

## പ്രാരംഭശുശ്രൂഷകൾ

### അമാലോഗിയാ

ബസ്നഹറീനിലുള്ള സഹദേന്മാരുടെ പട്ടണമായ മീപ്പർക്കിലെ മെത്രാപ്പോലീത്തയായിരുന്ന യാക്കോബ് സ്ഥിരപ്പെടുത്തിയ വിശ്വാസപ്രഖ്യാപനമാണിത്. മൂന്ന് സുന്നഹദോസുകളിൽ വച്ച് സ്ഥിരപ്പെടുത്തിയ വിശ്വാസം മേൽപ്പട്ടക്കാരൻ സ്ഥാനാർത്ഥിയെ വായിച്ചുകേൾപ്പിക്കുന്നു. മേൽപ്പട്ടസ്ഥാനം ഏൽക്കുന്നവർ സ്വയമായി വായിച്ച് ഒപ്പിട്ട് നൽകുന്നു. വിശ്വാസം ഏറ്റുപറഞ്ഞ് അംഗീകരിക്കുന്നതിന്റെ പ്രതീകമായി പട്ടംകൊട പുസ്തകത്തിൽ കൈയ്യടയാളമായി സ്ലീബായുടെ ആകൃതിയിൽ കുത്തുകളിടുകയും പിന്നീട് അവ യോജിപ്പിക്കുകയും ചെയ്യുന്നു.

### മുടികത്രിക്കൽ

നിർജീവമായ രോമം നീക്കപ്പെടുന്നത്, മൃഗീയവികാരങ്ങളുടെ ഉന്മൂലനത്തിന്റെ പ്രതീകമാണ്. കുരിശാകൃതിയിൽ മുടി കത്രിച്ച് നിത്യജീവനിലേക്ക് പട്ടം കെട്ടുന്നു. ഒപ്പിട്ടശേഷമാണ് മുടി കത്രിക്കുന്നത്.

### വിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം

അമാലോഗിയാ വായനയ്ക്കും മുടി കത്രിക്കലിനുംശേഷം 'പരിശുദ്ധറൂഹാ നിന്നെ വിളിക്കുന്നു' എന്നു പ്രഖ്യാപിച്ച് വലതുകരം പിടിച്ച് മദ്ബഹായിലേക്ക് പ്രവേശിപ്പിക്കുന്നു. ഉണർവ്വുള്ള ദാസനെ പ്രകീർത്തിക്കുന്ന ഗാനം (യജമാനൻ വരുമന്നേരത്ത്...) ആ സമയത്ത് വിശ്വാസികൾ ആലപിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രാരംഭശുശ്രൂഷകൾക്കുശേഷം സ്ഥാനാർത്ഥി ത്രോണോസിന് മുന്നിൽ മുട്ടുകുത്തി നിൽക്കുന്നു. കർത്താവിനാൽ സ്ഥാപിക്കപ്പെട്ട പൗരോഹിത്യവും അതിന്റെ ധർമ്മങ്ങളും യോഗ്യതകളും വർണ്ണിക്കുന്ന ഗാനങ്ങളും സ്വർഗ്ഗീയ നൽവരത്തിന് പുരോഹിതനെ യോഗ്യനാക്കുവാൻ പ. സഭ ഒന്നടങ്കം പ്ര

ാർത്ഥിക്കുന്നു. പരിശുദ്ധാത്മദാനത്താൽ സ്ഥാനാർത്ഥിയെ ശുദ്ധീകരിക്കുവാനും ദൈവികദാനങ്ങൾ പകർന്നുകൊടുക്കുവാനുമുള്ള അഭ്യർത്ഥനയാണ് പ്രാർത്ഥനകളുടെ പ്രധാന പ്രമേയം.

### സുവിശേഷവായന

പട്ടംകൊട ശുശ്രൂഷയിൽ സുവിശേഷം വായിക്കുന്നത് സ്ഥാനാർത്ഥിയുടെ തലയിൽ വച്ചാണ്. കർത്താവിന്റെ സുവിശേഷം വഹിക്കുവാനുള്ള വിളിയും അതിനോടുള്ള പ്രതികരണമായി ശിരസ് കുനിക്കുന്നതുമാണ് ഇതിലെ പ്രതീകങ്ങൾ. സുവിശേഷവായനയ്ക്കു ശേഷം വിശ്വാസപ്രമാണം സഭ ഒന്നടങ്കം ഏറ്റുചൊല്ലുന്നു. ഇതിനെതുടർന്ന് പരിശുദ്ധാത്മാഹ്വാനം നടത്തുന്നു.

### കൈവയ്പ്

കൈവയ്പും പരിശുദ്ധാത്മവിളിയും പൂർണ്ണശെമ്മാശ സ്ഥാനം മുതലാണ് നൽകപ്പെടുന്നത്. പ്രധാന കാർമ്മികന്റെ കാപ്പയ്ക്കുള്ളിൽ മറച്ച് നടത്തപ്പെടുന്ന കരാഘോഷവും കൈവയ്പ് പ്രാർത്ഥനയുമാണ് ഇതിലെ പ്രധാന കർമ്മങ്ങൾ. ഈ ശുശ്രൂഷയ്ക്ക് രഹസ്യസ്വഭാവം ഉണ്ട്. സഭയുടെ യാചനയ്ക്ക് ഉത്തരമായി പരിശുദ്ധ റൂഹാ ഇറങ്ങി ആവസിച്ച് സ്ഥാനാർത്ഥിയെ ശുദ്ധീകരിക്കുന്നു.

### പ്രഖ്യാപനവും മുദ്രയിടലും

'ദൈവത്തിന്റെ കൃപ (ഇന്ന)സ്ഥാനത്തേക്ക് വിളിച്ചടുപ്പിച്ചിരിക്കുന്നു' എന്ന് മേൽപ്പട്ടക്കാരന്റെ പ്രഖ്യാപനം അർക്കദിയാക്കോൻ പൂർത്തീകരിക്കുന്നു. തുടർന്ന് വി. ത്രിത്വനാമത്തിൽ മുദ്രകുത്തി വേർതിരിക്കുന്നു. 'ദൈവത്തിന്റെ സഭയിൽ പട്ടം കെട്ടപ്പെട്ടിരിക്കുന്നു' എന്നു രണ്ടാമത് പ്രഖ്യാപിക്കുന്നു. ആദ്യത്തെ പ്രഖ്യാപനം പരിശുദ്ധാത്മവിളിക്ക് മുമ്പും രണ്ടാമത്തെ പ്രഖ്യാപനം അതിന് ശേഷവും നടത്തപ്പെടുന്നു. നെറ്റിയിൽ ത്രിത്വനാമത്തിൽ മുദ്രകുത്തി വേർതിരിക്കുന്നത് ദൈവികശുശ്രൂഷയ്ക്കായി സ്ഥാനാർത്ഥി മാറ്റപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. മാറ്റമില്ലാത്ത മുദ്ര പ്രാപിക്കുന്നതിനാൽ പൗരോഹിത്യത്തിന്റെ കൂദാശ ആവർത്തിക്കപ്പെടുന്നില്ല.

### സ്ഥാനവസ്ത്രധാരണം

സ്ഥാനവസ്ത്രങ്ങൾ രഹസ്യങ്ങളുടെ മേലും സ്ഥാനാർത്ഥിയുടെ മേലും ആഘോഷിക്കുന്നു. സ്ഥാനവസ്ത്രങ്ങൾ ധരിപ്പിക്കുന്നു.

### സ്ഥാനത്തിനടുത്ത അധികാരം ഭരമേൽപ്പിക്കൽ

ഓരോ പൗരോഹിത്യസ്ഥാനത്തിനും അടുത്ത അധികാരം ഭരമേൽപ്പിക്കുന്ന ചടങ്ങാണ് ഇത്. മേൽപ്പട്ടക്കാർക്ക് അംശവടിയും നൽകുന്നു. പട്ടക്കാർ സ്വയമായി കുന്തുരുക്കം ഇട്ട് ധൂപം അർപ്പിക്കുന്നു. പൂർണശെമ്മാശന് കുന്തുരുക്കം ഇട്ട് ധൂപക്കുറ്റി നൽകുന്നു. യൗഫദ്യക്കിനന്മാർക്ക് കത്തിച്ച തിരിയും കോറൂയോമാർക്ക് വേദപുസ്തകവും നൽകുന്നു. അതാത് സ്ഥാനികളുടെ ശുശ്രൂഷയെ സൂചിപ്പിക്കുന്ന ചടങ്ങാണ് ഇത്.

## ഉപസംഹാരം

### സമാധാന ചുംബനം

സമാധാനചുംബനം നൽകുന്നതോടുകൂടി സഭയുടെ അംഗീകാരം ലഭിക്കുന്നു. വളരെ ദീർഘമായ പട്ടംകൊട ശുശ്രൂഷയിലെ പ്രധാന ഘടകങ്ങൾ മാത്രമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ശ്ലൈഹികപാരമ്പര്യങ്ങളുടെ കാവൽക്കാരനും ദൈവജനത്തിന് മാതൃകയുമാണ് പുരോഹിതൻ. പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെട്ട് സകല മാലിന്യത്തിൽനിന്നും മുക്തനായി മാറുന്ന ശുശ്രൂഷയാണ് പട്ടംകൊട. ദൈവത്തോടുള്ള അനുസരണവും വിധേയത്വവും പ്രധാനമാണ്. ദൈവജനത്തിനുവേണ്ടി മധ്യസ്ഥനായും ദൈവികസഭയിലെ ഉണർവ്വുള്ള കാര്യസ്ഥനുമായി ദൈവികമർമ്മങ്ങളുടെ പരികർമ്മികളുമാണ് പുരോഹിതൻ. വളരെ ഗൗരവമുള്ള ശുശ്രൂഷയിലേക്ക് ഒരുവനെ വിളിച്ചടുപ്പിക്കുന്ന ശുശ്രൂഷ അതിനാൽ വളരെ പ്രാധാന്യം അർഹിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനാപൂർവ്വമായ പങ്കാളിത്തം മറ്റ് എല്ലാ കൂദാശകളിലും എന്നപോലെ പട്ടംകൊടയിലും പ്രധാനമാണ്.

# തൈലാഭിഷേകം

ആത്മശരീരമനസുകളുടെ സൗഖ്യത്തിനായി നൽകപ്പെടുന്ന കൂദാശയാണ് തൈലാഭിഷേകം. സൗഖ്യദാനത്തിന്റെയും അനുതാപത്തിന്റെയും കൂദാശയാണ് തൈലാഭിഷേകം. ആരോഗ്യം വീണ്ടെടുക്കുവാനും പാപമോചനത്തിനുമായി രോഗിയുടെമേൽ പുരോഹിതന്മാർ തൈലംപൂശി പ്രാർത്ഥിക്കുന്നു. അറിവോടും അറിവുകൂടാതെയും മനസോടും മനസ്സുകൂടാതെയും ചെയ്തുപോയ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെട്ട് നീതീകരണം പ്രാപിച്ച് ദൈവതിരുമുമ്പാകെ നിന്നുകൊണ്ട് സ്തുതിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുന്നു.

## തൈലാഭിഷേകശുശ്രൂഷയുടെ വേദാടിസ്ഥാനം

സൗഖ്യദാനത്തിനായി എണ്ണ ഉപയോഗിക്കുന്നത് വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. കർത്താവ് അയച്ച പന്തിരുവർ അനേകരോഗികൾക്ക് എണ്ണ തേച്ച് സൗഖ്യം വരുത്തിയതായി മർക്കോസ് 6:13 ൽ പറയുന്നു. രോഗസൗഖ്യത്തിന് എണ്ണ ഉപയോഗിക്കുന്നത് ഒരു സാധാരണ കർമ്മമായിരുന്നു.

പ്രാർത്ഥനയോടുകൂടെ തൈലംപൂശുവാൻ ശ്ലൈഹികപാരമ്പര്യം നിർദ്ദേശിക്കുന്നു. യാക്കോബ് 5:13–15 വരെയുള്ള വാക്യങ്ങളുടെ അടിസ്ഥാനത്തിൽ തൈലാഭിഷേകശുശ്രൂഷയ്ക്കുള്ള അധികാരം പുരോഹിതന്മാരിൽ നിക്ഷിപ്തമാണ്. 'രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലെ മൂപ്പന്മാരെ (കശീശാ) വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ തൈലം പൂശുകയും ചെയ്യട്ടെ. വിശ്വാസപൂർവമായ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും, അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും."

## കന്തീലാശുശ്രൂഷ

തൈലാഭിഷേകത്തിന്റെ വിപുലമായ ശുശ്രൂഷയാണ് കന്തീലാ. 'തിരി' എന്നർത്ഥമുള്ള പദമാണ് കന്തീല. സാധാരണയായി മേൽപ്പട്ട

ക്കാർക്കും പട്ടക്കാർക്കും നൽകപ്പെടുന്ന ഈ ശുശ്രൂഷ വിശ്വാസികളായ എല്ലാവർക്കും സ്വീകരിക്കുവാൻ അർഹതയുണ്ട്. ദീർഘമായ പാട്ടുകളും പ്രാർത്ഥനകളും ഉൾപ്പെടുന്ന ശുശ്രൂഷയ്ക്ക് അഞ്ച് ഭാഗങ്ങളുണ്ട്. ഒരു പാത്രത്തിന് ഉൾവശം ധാന്യമാവ് കൊണ്ട് പൊതിഞ്ഞ് അതിൽ സാധാരണ ഒലിവെണ്ണ ഒഴിക്കുന്നു. ഒലിവെണ്ണയുടെ ഉപരിതലത്തിൽ നിൽക്കത്തക്കവിധം അഞ്ച് പഞ്ഞിത്തിരികൾ ധാന്യമാവിൽ നാട്ടിനിർത്തുന്നു. കുരിശാകൃതിയിൽ നിർത്തിയ തിരികൾ ഓരോ ശുശ്രൂഷ ആരംഭിക്കുമ്പോഴും ഒന്നുവീതം കത്തിക്കുന്നു. ആദ്യം കിഴക്കും രണ്ടാമത് മധ്യത്തിലും മൂന്നാമത് പടിഞ്ഞാറും നാലാമത് വടക്കും അഞ്ചാമത് തെക്കുമുള്ള തിരികൾ കത്തിക്കുന്നു. പാത്രവും കുരിശും ഏവൻഗേലിയോനും മെഴുകുതിരികളും വിരിച്ചൊരുക്കിയ മേശമേൽ വയ്ക്കുന്നു. അനുതാപി മേശയുടെ വശത്ത് സൗകര്യപ്രദമായി ഇരിക്കുകയോ കിടക്കുകയോ ചെയ്യുന്നു.

ഓരോ ശുശ്രൂഷയുടെ സമാപനത്തിലും തൈലത്താൽ മുദ്രകുത്തുന്നു. അഞ്ചാം ശുശ്രൂഷയ്ക്കൊടുവിൽ പഞ്ചേന്ദ്രിയങ്ങൾ ഓരോന്നിന്മേലും ത്രിത്വനാമത്തിൽ തൈലത്താൽ റൂശ്മാ ചെയ്യുന്നു. തുടർന്ന് ഒരു കുരിശ് ശരീരം മുഴുവനായും രണ്ടാമത്തെ കുരിശ് മുഖത്തും മൂന്നാമത് മധ്യഭാഗത്തുമായി മൂന്ന് കുരിശടയാളങ്ങൾ വരയ്ക്കുന്നു. (തല മുതൽ കാൽ വരെയും വലതുകൈ മുതൽ ഇടതു കൈ വരെ ആദ്യത്തെ റൂശ്മാ, കണ്ണിൽനിന്ന് വായ്‌വരെയും ചെവിയിൽനിന്ന് ചെവിവരെ രണ്ടാം റൂശ്മാ, അന്തരിന്ദ്രിയങ്ങൾമേൽ മൂന്നാം റൂശ്മാ)

അഭിഷേകത്തിന് ശേഷം പട്ടക്കാർ എല്ലാവരും അനുതാപിയുടെ ഇരുവശങ്ങളിലുമായി നിന്ന് വലതുകൈ അനുതാപിയുടെ തലയിൽ വയ്ക്കുന്നു. പ്രധാനകർമികൻ ഏവൻഗേലിപുസ്തകവും സ്ലീബായും വലതുകൈയും അനുതാപിയുടെ തലയിൽവച്ച് സമാപനപ്രാർത്ഥന ചൊല്ലുന്നു. രോഗസൗഖ്യവും പാപമോചനവും അഭ്യർത്ഥിക്കുന്ന പ്രാർത്ഥനയാണിത്.

കന്തീലാ ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാ വിശ്വാസികളെയും ശുശ്രൂഷയിൽ ഉപയോഗിച്ച തൈലത്താൽ നെറ്റിയിൽ റൂശ്മാ ചെയ്യുന്നു.

## തൈലാഭിഷേകശുശ്രൂഷയുടെ ഘടന

അനുതാപത്തിന്റെ കുക്കിലിയോൻ, ഗീതങ്ങൾ, പ്രുമിയോൻ സെദറാ, എത്രോ, ശ്ലീഹാവായനകൾ, ഏവൻഗേലിയോൻ എന്നിവയും രോഗിയുടെ തലയിൽ കൈവച്ച് പാപമോചനപ്രാർത്ഥനയും

ചൊല്ലിയശേഷം നെറ്റിയിലും നെഞ്ചിലും കാൽമുട്ടുകളിലും പ്രാർത്ഥനാപൂർവ്വം തൈലം പൂശുന്നു. പഞ്ചേന്ദ്രിയങ്ങളിൻമേൽ തുടർന്ന് തൈലം പൂശി പ്രാർത്ഥിച്ചതിനുശേഷം കുക്കിലിയോൻ വിശ്വാസപ്രമാണം എന്നിവ ചൊല്ലുന്നു.

## പ്രാർത്ഥനയുടെ രത്നച്ചുരുക്കം

സത്യവിശ്വാസത്തോടുകൂടിയ മധ്യസ്ഥപ്രാർത്ഥനയിൽ രോഗിയെ ദൈവസന്നിധിയിൽ സമർപ്പിച്ച് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും അവയവങ്ങൾക്ക് സ്വസ്ഥതയും യാചിക്കുന്നു. രോഗവും, പാപവും അപൂർണ്ണതയുടെ പ്രതീകമാണ്. മനുഷ്യാവതാരകാലത്ത് കർത്താവ് അപൂർണ്ണരെ പൂർണ്ണരാക്കി. രോഗവും പാപവും തമ്മിൽ ബന്ധിപ്പിച്ചാണ് പ്രാർത്ഥനകളിൽ ഉപയോഗിച്ചിരിക്കുന്നത്. ആത്മശരീരങ്ങളുടെ സ്വസ്ഥതയും ആശ്വാസവും നൽകുന്നതോടൊപ്പം കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. അനുതാപമാണ് പ്രധാനമായും പാട്ടുകളിലും പ്രാർത്ഥനകളിലും അടങ്ങിയിരിക്കുന്ന ചിന്ത.

## തൈലാഭിഷേകം അന്ത്യകൂദാശയല്ല

രോഗത്തിന്റെ മൂർദ്ധന്യത്തിൽ മരണാസന്നരായവർക്ക് നൽകുന്ന കൂദാശയാണ് തൈലാഭിഷേകം എന്ന ചിന്ത ശരിയല്ല. രോഗത്തിന്റെ ഏതവസ്ഥയിലും എത്രപ്രാവശ്യം വേണമെങ്കിലും നടത്താവുന്ന ഒരു കൂദാശയാണിത്. വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാണ് സൗഖ്യം നൽകുന്നത്. വിശ്വാസികളുടെ സമൂഹത്തിന് ഈ ശുശ്രൂഷയിൽ പങ്കാളിത്തം ഉണ്ട്. രോഗികളുടെ തൈലാഭിഷേകം അനുതാപത്തിന് പ്രത്യേകം പ്രാധാന്യം നൽകുന്നു. അനുതാപം മനസ്സുതിരിയലാണ്. രോഗിയും വിശ്വാസികളുടെ സമൂഹവും അനുതപിച്ച് മനസ്സ് തിരിഞ്ഞ് ദൈവത്തിങ്കലേക്ക് അടുത്തുവരണം. ദൈവത്തിങ്കലേക്ക് തിരിയുക എന്നാൽ ദൈവികമായി ജീവിക്കുക എന്നാണർത്ഥം. ദൈവത്തിന്റെ കരുണയും സ്നേഹവുമാണ് പാപരോഗത്തിൽനിന്ന് വിമോചിപ്പിക്കുന്നത്. നേരത്തെ കൂദാശ ചെയ്ത തൈലം തൈലാഭിഷേകത്തിൽ ഉപയോഗിക്കുമ്പോൾ ശുദ്ധീകരിക്കാത്ത സാധാരണ തൈലമാണ് കന്തീലാശുശ്രൂഷയിൽ ഉപയോഗിക്കുന്നത്. അനുതാപത്തിന്റെ ശുശ്രൂഷയായ തൈലാഭിഷേകം മരണാസന്നർക്കു മാത്രം നൽകുന്ന ശുശ്രൂഷയല്ല.

# ശവസംസ്ക്കാരം

വാങ്ങിപ്പോയ വ്യക്തിയെ ആദരിക്കുകയും ശരീരത്തിന്റെ ഉയിർപ്പിലുള്ള പ്രത്യാശ ഏറ്റുപറയുകയും ചെയ്തുകൊണ്ട് ചെയ്യുന്ന ശുശ്രൂഷയാണ് ശവസംസ്ക്കാരം. കർത്താവിന്റെ രണ്ടാം വരവ് കിഴക്കുനിന്നാണ് എന്നുള്ള വിശ്വാസം പുലർത്തുന്നതിനാൽ മരണ മടഞ്ഞവരെ മുഖം കിഴക്കോട്ടഭിമുഖമായി കബറടക്കുന്നു. മൃത ദേഹം സംസ്കാരം ചെയ്യാതെ എറിഞ്ഞുകളയുന്നത് യഹൂദസം സ്കാരത്തിൽ മൃതദേഹത്തോടുള്ള അനാദരവായിരുന്നു. മൃത ദേഹം കല്ലറയിൽ അടക്കുക എന്നതായിരുന്നു യഹൂദ പാരമ്പര്യം. യേശുക്രിസ്തുവിന്റെ ശരീരവും യഹൂദപാരമ്പര്യപ്രകാരം കല്ലറ യിൽ സംസ്കരിച്ചു. ഈ പാരമ്പര്യം ക്രൈസ്തവസഭയും സ്വീക രിച്ചു.

മരണം ക്രിസ്ത്യാനിക്ക് നിദ്രയാണ്. അതിനാൽ വാങ്ങിപ്പോയ വർ, നിദ്രപ്രാപിച്ചവർ എന്നിങ്ങനെ മൃതരായവരെ വിശേഷിപ്പിക്കു ന്നു. ശാരീരികമായി മാത്രം നിശ്ചലരായവരാണ് വാങ്ങിപ്പോയവർ. മനുഷജീവിതാന്ത്യത്തിൽ ശരീരത്തിൽനിന്ന് ആത്മാവ് വേർപിരി യുന്നു. ആത്മാവ് പദാർത്ഥമയമല്ലാത്തതിനാൽ നശിക്കുന്നില്ല. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നുള്ള വാഗ്ദാനം മരണാനന്തരപ്രത്യാശയാണ്.

മരണംമുതൽ ഉയിർപ്പുവരെയുള്ള കാലത്തെ വിത്തിന്റെ അവ സ്ഥയോടാണ് പൗലോസ് ശ്ലീഹാ ഉപമിച്ചിരിക്കുന്നത് (1 കോരി. 15:35–38). അനുകൂല സാഹചര്യങ്ങളിൽ വിത്തിൽനിന്ന് സസ്യം മുളച്ചുവരുന്നതുപോലെ വാങ്ങിപ്പോയവരും ആത്മിയശരീരം പ്രാപിക്കും. അന്ത്യകാഹളം ധ്വനിക്കുമ്പോൾ മരിച്ചവർ അക്ഷയരായി എഴുന്നേൽക്കും. സങ്കീർത്തനം 115:17–ൽ വിശേഷിപ്പിച്ചിരിക്കുന്നത് മുടിയനായ പുത്രനു തുല്യം ജീവിച്ചവരെയാണ് (വി. ലൂക്കോ. 15:32). ആത്മികമരണമാണ് മുടിയനായപുത്രനും ആദാമിനും സംഭവിച്ചത്. ശാരീരികമരണം സംഭവിച്ചാലും ആത്മാവ് സജീവമായി നിലനിൽ ക്കുന്നു എന്നു ചുരുക്കം.

## ശവസംസ്ക്കാരശുശ്രൂഷക്രമം

പൂർണ്ണശെമ്മാശൻ മുതലുള്ള പൗരോഹിത്യസ്ഥാനികൾക്ക് പ്രാരംഭശുശ്രൂഷയും സമാപനശുശ്രൂഷയും മറ്റ് എട്ട് ക്രമങ്ങളും അടങ്ങുന്ന വിപുലമായ ശവസംസ്ക്കാരക്രമവും സ്ത്രീപുരുഷന്മാർക്കും പൈതങ്ങൾക്കും നാല് ക്രമങ്ങൾ അടങ്ങുന്ന വ്യത്യസ്തങ്ങളായ ക്രമങ്ങളും ഉപയോഗിക്കുന്നു. വൈദികരുടെ ശവസംസ്ക്കാരശുശ്രൂഷയിലെ സമാപനക്രമത്തിൽ ദേവാലയത്തോടും സകല വിശ്വാസികളോടും വിടപറയുന്ന (ഫുശ് ബശ്ലോമോ) ശുശ്രൂഷയുണ്ട്. അതിന് മറുപടിയായി വിശ്വാസികൾ "സമാധാനത്തോടെ പോകുക" (സെൽ ബശ്ലോമോ) എന്നു ചൊല്ലുന്നു.

ശുശ്രൂഷയുടെ ഘടന എല്ലാ ശുശ്രൂഷകൾക്കും ഒരുപോലെയാണ്. പ്രാരംഭപ്രാർത്ഥന, കോലോകൾ, പ്രുമിയോൻ, സെദ്റാ, എത്രോ എന്നിവ അടങ്ങിയിരിക്കുന്നു. സമാപനശുശ്രൂഷയിൽ വേദവായനകളും ലുത്തിനിയായും മറ്റ് കർമ്മങ്ങളും അധികമായി ചേർത്തിരിക്കുന്നു.

### പ്രാർത്ഥനയുടെ രത്നചുരുക്കം

* മരണം ഒരു അവസാനമല്ല: 'താത്ക്കാലികമായ ഈ ലോകത്തിൽനിന്നും വേർപിരിഞ്ഞ് യാത്രയായിരിക്കുന്ന ആത്മാവ്' എന്ന പ്രാർത്ഥന മരണാനന്തര പ്രത്യാശയുടെ പ്രതീകമാണ്. ദൈവികമാലാഖമാരാൽ ആത്മാവ് നയിക്കപ്പെടുവാനും പുനരുത്ഥാനദിവസംവരെ ആനന്ദം അനുഭവിക്കുവാനും ഇടയാകണം എന്ന് അപേക്ഷിക്കുന്നു.
* ക്ഷണികമായ ഈ ലോകവാസത്തെ ഓർമ്മിപ്പിക്കുന്ന പ്രാർത്ഥനകൾ: മനുഷ്യന്റെ ഈ ലോകവാസം ദ്രുതഗതിയിൽ അവസാനിക്കുന്നതാണെന്നും യജമാനന്റെ വരവിനായി ഉണർവോടെ കാത്തിരിക്കുവാൻ കടപ്പെട്ടതാണ് ക്രൈസ്തവജീവിതം എന്നും ഓർമ്മിപ്പിക്കുന്നു. 'മരണത്തിന്റെ ദൂതൻ വന്ന് വേഗം പോരുവാൻ ധൃതി കൂട്ടിയപ്പോൾ സ്നേഹിതരെയും പരിചിതരെയും കണ്ട് യാത്ര പറയുവാനുള്ള അനുമതിപോലും നിഷേധിച്ച്, കൈക്കൂലിയും യാചനയും തള്ളിക്കളഞ്ഞു' എന്ന ഗീതം മനുഷ്യജീവിതത്തിലെ അഹന്തയുടെ വ്യർത്ഥതയും ലോകസുഖങ്ങളുടെ ക്ഷണികതയും ചൂണ്ടിക്കാട്ടുന്നു. ഉണർവുള്ള

നിമിഷങ്ങളിലാണ് ക്രൈസ്തവജീവിതത്തിന്റെ ശോഭ എന്ന് ചുരുക്കം. ഏൽപിക്കപ്പെട്ട ദൗത്യങ്ങൾ വിശ്വസ്തമായി അലസതയില്ലാതെ നിർവഹിക്കണം.

* പുനരുത്ഥാനത്തിലുള്ള പ്രത്യാശ: ആദമിൽ ആരംഭിച്ച ജീർണതയെ യേശുക്രിസ്തുവിന്റെ മരണത്താലും ഉയിർപ്പിനാലും തോൽപിച്ചു. പുനരുത്ഥാനത്തിന്റെ പ്രത്യാശയും ക്രിസ്തുവിന്റെ ഉയിർപ്പും ഗീതങ്ങളിൽ വർണ്ണിക്കുന്നു. ദൈവികമായ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട വാങ്ങിപ്പോയവരെ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ ശോഭിപ്പിക്കണമേ എന്ന് ആവർത്തിച്ചു ചൊല്ലുന്നതോടൊപ്പം ഇവിടെ അവശേഷിക്കുന്നവരെ ദൈവികയോഗ്യതയിൽ ഒരുക്കുവാനും പ്രാർത്ഥിക്കുന്നു. മരണം ക്രിസ്ത്യാനിക്ക് ഭീകരമായ യാഥാർത്ഥ്യമല്ല. കാരണം യേശുക്രിസ്തു നൽകുന്ന പ്രത്യാശയിലാണ് ഈ ലോകം വിടുന്നത്.

* 1 കോറി. 15:34–53 വരെയുള്ള ഭാഗം പുരുഷന്മാരുടെ സംസ്ക്കാരത്തിലും 1 തെസ. 4:13–18 വരെയുള്ള ഭാഗം സ്ത്രീകളുടെ സംസ്കാരത്തിനും 1 കോറി. 15:12–19 വരെയുള്ള ഭാഗം കുട്ടികളുടെ സംസ്കാരത്തിനും വായിക്കുന്നു. ഉയിർപ്പുവരെയുള്ള കാലഘട്ടം 'ജീവൻ ഉറങ്ങുന്ന വിത്തിന്' സദൃശ്യമാണെന്നും അന്ത്യകാഹളം ധ്വനിക്കുമ്പോൾ മരിച്ചവർ അക്ഷയരായി എഴുന്നേൽക്കുമെന്നും ജീവനോടെ ഇരിക്കുന്നവർ രൂപാന്തപ്പെടുമെന്നും ഉള്ള പ്രത്യാശയും യേശുക്രിസ്തുവിന്റെ മരണത്തിന് ശേഷം സംഭവിച്ചപ്രകാരംതന്നെ ക്രിസ്തുവിൽ മരണമടഞ്ഞവരിലും സംഭവിക്കും എന്ന പൗലോസ്ശ്ലീഹായുടെ പ്രബോധനവും ഉൾപ്പെടുന്ന ലേഖനഭാഗങ്ങളാണിവ.

യേശുതമ്പുരാൻ യുഗാന്ത്യത്തെക്കുറിച്ച് സംസാരിക്കുന്ന വി. യോഹ. 15:19–29 വരെയുള്ള ഭാഗം പുരുഷന്മാരുടെ ശവസംസ്കാരത്തിനും വി. മത്തായി 25:1–13 വരെയുള്ള ഭാഗം സ്ത്രീകളുടെ ശവസംസ്കാരത്തിനും വി. ലൂക്കോസ് 7:11–17 വരെയുള്ള ഭാഗങ്ങൾ കുട്ടികളുടെ ശവസംസ്കാരത്തിനും ഏവൻ ഗേലിയോനിൽ വായിക്കുന്നു. ദൈവപുത്രന്റെ ശബ്ദം കേൾക്കുന്ന മരിച്ചവർ ജീവിക്കും എന്നും രക്ഷയും ന്യായവിധിയും പിതാവ് മാത്രം അറിയുന്നു എന്നുമുള്ള കർത്താവിന്റെ പഠിപ്പിക്കലുകൾ ഇതിൽ ഉൾപ്പെടുന്നു.

## തൈലാഭിഷേകവും മണ്ണിടീലും

മൃതദേഹത്തിൽ തൈലം ഒഴിക്കുന്ന രീതി അഞ്ചാം നൂറ്റാണ്ട് മുതൽ സഭയിൽ ഉണ്ടായിരുന്നു. മരണാനന്തരവും അവർ സജീവ മായതിനാൽ ദൃശ്യസഭാംഗങ്ങൾ പ്രാർത്ഥനകൾ വഴി അവരെ ശക്തീ കരിക്കുന്ന ശുശ്രൂഷയാണ് തൈലാഭിഷേകം. മുഖം മൂടിയ ശേഷം മൂന്ന് കുരിശടയാളങ്ങൾ തൈലത്താൽ മൃതദേഹത്തിൽ വര യ്ക്കുന്നു (മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും).

'മണ്ണിൽനിന്ന് എടുക്കപ്പെട്ട ശരീരം മണ്ണിലേക്ക് തന്നെ തിരികെ ച്ചേരും' എന്ന കൽപ്പന നിറവേറുന്നു എന്നു പറഞ്ഞുകൊണ്ടാണ് മൃതശരീരത്തിൽ മണ്ണ് അർപ്പിക്കുന്നത്.

ഈ ശുശ്രൂഷകൾക്കുശേഷം മാലാഖമാരുടെ സ്തുതിപ്പും വിശ്വാസപ്രമാണവും ധൂപപ്രാർത്ഥനയും ചൊല്ലുന്നു. തുടർന്ന് കബ റിൽ ഇറക്കിവച്ച് ഹൂത്തോമോ ചൊല്ലി ശുശ്രൂഷ പൂർത്തീകരിക്കുന്നു. 'കർത്താവിന്റെ രണ്ടാമത്തെ വരവിൽ കല്ലറയുടെ വാതിൽ തുറക്ക പ്പെടും' എന്ന സമാധാനാശംസയോടെ വാതിൽ അടയ്ക്കുന്നു. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിന് മുമ്പ് അവന് കൂടാരം അടിച്ച അതേ സ്ഥാനത്ത് തന്നെ ക്രിസ്തുവിൽ മൃതരായവരുടെ വാസവും ആനന്ദവും ആയിത്തീരുമാറാകട്ടെ എന്ന് സമാപനപ്രാർത്ഥനയിൽ ചൊല്ലുന്നു.

## സംസ്ക്കാരാനന്തരകർമ്മങ്ങൾ

മൃതദേഹം കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഉൾക്കൊണ്ട് ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെട്ട ശരീരമായ തിനാൽ ബഹുമതിപൂർവം പ്രത്യാശയോടെ സംസ്ക്കരിക്കുന്നു. വിശ്വാസികൾ മരണശേഷവും സജീവരാണ് എന്നതിനാൽ മരണാ നന്തരവും അവർക്കായി പ്രാർത്ഥിക്കുന്നു. 3, 9, 30, 40 തുടങ്ങിയ ദിവസങ്ങളിലും ആണ്ട് തികയുന്ന ദിവസവും മറ്റ് ഓർമ്മ ദിനങ്ങ ളിലും വി. കുർബാന അർപ്പിച്ച് ധൂപപ്രാർത്ഥന കബറിൽ ചൊല്ലുന്നു. വാങ്ങിപ്പോയവരുടെ നാമത്തിൽ ദാനധർമ്മങ്ങളും വഴിപാടുകളും ചെയ്യുന്നു. "ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" (വി. യോഹ. 11:26) എന്ന കൽപ്പന അനു സരിച്ച് വാങ്ങിപ്പോയവർ സജീവരായിരിക്കുന്നു.

# ഭവന കൂദാശ

കുടുംബാംഗങ്ങൾക്ക് ഒന്നിച്ചു താമസിക്കുവാനുള്ള സംവിധാനമാണ് ഭവനം. നാലുചുവരുകളും അതിനെ ഒന്നിപ്പിക്കുന്ന മേൽക്കൂരയും ഉള്ള ഭവനം ഐക്യത്തിന്റെ പ്രതീകമാണ്. സ്വാർത്ഥതയില്ലാത്ത സ്നേഹം കുടുംബത്തിന്റെ അടിത്തറയാണ്. വ്യക്തികളെയും (പുരോഹിതർ, രാജാക്കന്മാർ, പ്രവാചകന്മാർ) സ്ഥലങ്ങളെയും (ദേവാലയം) തിരഞ്ഞെടുത്ത് പ്രത്യേക ദൗത്യത്തിനായും ശുശ്രൂഷയ്ക്കായും സമർപ്പിക്കുന്നു. സമർപ്പണം ശുദ്ധീകരണത്തിലേക്ക് നയിക്കുന്നു. ഭൗതികവസ്തുക്കളാൽ മനുഷ്യപ്രയത്നം മുഖാന്തരം നിർമ്മിക്കപ്പെടുന്ന ഭവനം ദൈവസന്നിധിയിൽ സമർപ്പിച്ച് ശുദ്ധീകരിക്കുന്ന കൂദാശയാണ് ഭവനകൂദാശ.

ചുറ്റുപാടുമുള്ള വീടുകൾക്ക് ഇടയിൽ നിൽക്കുമ്പോഴും ഒരു ക്രൈസ്തവഭവനം പ്രത്യേകത ഉള്ളതായി നിലനിൽക്കുന്നു. ത്രിത്വനാമത്തിൽ മുദ്രയിട്ട, ദൈവമക്കൾ പാർക്കുന്ന ഭവനം തണ്ടിന്മേൽ വച്ച വിളക്കിന് തുല്യമാണ്. വിവിധങ്ങളായ മേഖലകളിൽ വ്യാപരിക്കുന്ന കുടുംബാംഗങ്ങൾ എല്ലാവരും രാവിലെയും സന്ധ്യക്കും ഒന്നിച്ചുകൂടി ദൈവത്തെ ആരാധിക്കുന്നു.

ലോകത്തിൽ ആയിരിക്കുമ്പോഴും ലോകത്തിന്റേതായി ജീവിക്കുവാനുള്ളതല്ല ക്രൈസ്തവജീവിതം എന്ന് ഓർമ്മിപ്പിക്കുന്ന കൂദാശയാണ് ഭവനകൂദാശ. വിശ്വാസികളുടെ പങ്കാളിത്തത്തോടെ പൗരോഹിത്യസ്ഥാനികളാൽ ഇത് നിർവഹിക്കപ്പെടുന്നു.

## കൂദാശയുടെ ഘടന

കൗമായ്ക്ക് ശേഷം, പ്രാർത്ഥനയും, ഗീതങ്ങളും ഉൾപ്പെടുന്ന ശുശ്രൂഷയിലെ പ്രുമിയോനും സെദ്റായും ഏവൻഗേലിയോനും മധ്യസ്ഥപ്രാർത്ഥനയും ഭവനത്തിന്റെ പ്രാധാന്യം എടുത്ത് കാണിക്കുന്നു. ഭവനശുദ്ധീകരണത്തിന് തളിക്കുവാനും മുദ്രകുത്തുവാനും ഉള്ള വെള്ളം ത്രിത്വനാമത്തിൽ ആശീർവദിച്ച് എല്ലാ വാതിൽപ്പടികളിന്മേലും മുദ്രകുത്തുന്നു. തുടർന്ന് വിശ്വാസപ്രമാണവും ധൂപപ്രാർത്ഥനയും ആശീർവാദവും നടത്തുന്നു.

## ഭവനകൂദാശയുടെ പ്രാർത്ഥനകളിലൂടെ

ദൈവികമായ ശാന്തിയും സമാധാനവും ഭവനത്തിൽ വസിക്കുവാനുള്ള അപേക്ഷ പ്രാരംഭപ്രാർത്ഥനയിൽ കാണുന്നു.

'ഭവനത്തിൽ പാർക്കുന്നവർക്ക് മുഖപ്രസന്നത നൽകേണമേ' എന്ന പ്രാർത്ഥനയും ശ്രദ്ധേയമാണ്. ദൈവത്തോട് അടുത്തപ്പോൾ മോശയുടെ മുഖം ശോഭിച്ചു. പാപത്തിൽ പങ്ക് ചേരാതെ വ്യക്തമായ നിലപാടിൽ ഉറച്ചുനിന്ന് ദൈവജനത്തെ തിരുത്തുന്നു. മുഖശോഭ ഹൃദയത്തിന്റെ ശോഭയാണ്. ഒരാൾ ദൈവത്തോട് എത്രമാത്രം അടുത്തിരിക്കുന്നു എന്നതിന്റെ അടയാളമാണത്. ദൈവികവ്യാപാരങ്ങളിൽ ഏർപ്പെട്ട് നശിച്ചുപോകാത്ത ലാഭം നേടുക എന്ന ക്രൈസ്തവ ധർമ്മം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ലോകത്തിന് അപ്പുറത്തേക്ക് നീളുന്ന നിത്യമായ പ്രത്യാശയിലാണ് പ്രാർത്ഥനകൾ അവസാനിക്കുന്നത്. 'കുറ്റമില്ലാത്തവരായിത്തീർന്ന് രക്ഷയെ പ്രാപിക്കുവാൻ ഇവർക്ക് സംഗതിയാക്കണമേ' എന്ന പ്രാർത്ഥന അതിനുദാഹരണമാണ്.

വി. ലൂക്കോ. 19:1-10 വരെയുള്ള ഏവൻഗേലിയോൻ ഭാഗത്ത് കാണുന്ന സക്കായിയുടെ മാനസാന്തരവും ഏറ്റുപറച്ചിലും ശുദ്ധീകരണവും കുടുംബത്തിന് മുഴുവൻ രക്ഷ നൽകുന്നത് ശ്രദ്ധേയമാണ്. കുടുംബാംഗങ്ങൾ ഒറ്റയ്ക്കല്ല നിൽക്കുന്നത്. ഒരുവന്റെ സൽപ്പേര് എല്ലാ അംഗങ്ങളെയും ബാധിക്കുന്നു, ഒരാളുടെ ദുഷ്പ്രവൃത്തി അയാളിൽമാത്രം ഒതുങ്ങാതെ കുടുംബത്തെ മുഴുവൻ ബാധിക്കുന്നു. സക്കായിയുടെ മാനസാന്തരം കുടുംബത്തെ രക്ഷയിലേക്ക് നയിക്കുന്നു. കുടുംബാംഗങ്ങളിൽ ഓരോരുത്തരുടെയും വ്യക്തിഗത വിശുദ്ധിയും പ്രാർത്ഥനയും കുടുംബത്തിന്റെ നിലനിൽപ്പിന് കാരണമാണ്. മധ്യസ്ഥതയുടെ പ്രാധാന്യവും ഇവിടെ കാണുവാൻ കഴിയും.

ഏവൻഗേലിയോനു ശേഷമുള്ള മധ്യസ്ഥപ്രാർത്ഥന കുടുംബത്തിന് വേണ്ടിയുള്ള സഭയുടെ യാചനയാണ്. നോഹയെ പ്രളയത്തിൽനിന്നും അബ്രഹാമിനെ വാളിൽനിന്നും ലോത്തിനെ അഗ്നിയിൽനിന്നും രക്ഷിച്ചതുപോലെ വാഴ്ത്തപ്പെടുന്ന ഭവനത്തെയും കാത്തുകൊള്ളണമേ എന്ന് യാചിക്കുന്നു. കോടികൾ മുടക്കി വീട് പണിതാലും ഉള്ളിൽ സ്നേഹമില്ലെങ്കിൽ കെട്ടിടം ഭവനമായി മാറുന്നില്ല. കെട്ടിടം റൂശ്മ ചെയ്ത് വേർതിരിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെ

ടുന്നതുപോലെ ഓരോ കുടുംബാംഗവും ശുദ്ധീകരിക്കപ്പെട്ട് പുതുക്കപ്പെടണം എന്ന് ഓർമ്മിപ്പിക്കുന്ന കൂദാശയാണ് ഭവനശുദ്ധീകരണം.

## ത്രിത്വനാമത്തിലുള്ള മുദ്രകുത്തൽ

കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിയിൽ പൂശിയതിനാലാണ് യിസ്രായേൽ മക്കൾ സംഹാരകനിൽനിന്ന് വിടുവിക്കപ്പെട്ടത്. സ്ലീബായാൽ മുദ്ര കുത്തപ്പെടുന്ന ഭവനം പിശാചാകുന്ന സംഹാരകനിൽനിന്ന് വീണ്ടെടുക്കപ്പെടുന്നു എന്നതാണ് മുദ്രകുത്തലിന്റെ അർത്ഥം. വേർതിരിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നതിലൂടെ ദൈവമക്കളുടെ പാർപ്പിടമായി മാറുന്നു.

## ഭവനകൂദാശയുടെ ഒരുക്കം

അനേകർ പാർപ്പിടമില്ലാതെ കഴിയുന്ന സമൂഹമാണ് നമ്മുടേത്. ഒരു ന്യൂനപക്ഷം ആഡംബരത്തിൽ കഴിയുമ്പോൾ ബഹുഭൂരിപക്ഷം പട്ടിണിയിലാണ്. ഇന്നത്തെ പല വീടുകളും ആഡംബരത്തിന്റെ പ്രതീകങ്ങളാണ്. ആഡംബരവും ആത്മീയതയും ചേർന്നുപോകില്ല. പ്രകൃതിയെ ഇടിച്ചുനിരത്തി കെട്ടിപ്പൊക്കുന്ന കൂറ്റൻ വീടുകൾ അനാവശ്യവും ദൈവമുമ്പാകെ നീതീകരിക്കുവാൻ കഴിയാത്തതുമായ പ്രവൃത്തിയാണ്. മനുഷ്യന് വെയിലും മഞ്ഞും ഏൽക്കാതെ സുരക്ഷിതമായി കഴിയുവാനുള്ളതാണ് വീട്. കെട്ടിടനിർമ്മാണത്തിന് അനാവശ്യമായി ചെലവഴിക്കുന്ന പണം ഭവനരഹിതർക്കായി നൽകുമ്പോൾ ഒരു യഥാർത്ഥ ക്രിസ്തീയഭവനമാണ് ഉയരുന്നത്.

ഏതൊരു കൂദാശയ്ക്കും ഒരുക്കത്തിന്റെ ശുശ്രൂഷയുണ്ട്. ഭവനകൂദാശയ്ക്കായി കുടുംബാംഗങ്ങൾ ഒരുങ്ങണം. പ്രാർത്ഥനയും ദാനധർമ്മവും ഉപവാസവും ഈ ഒരുക്കത്തിന്റെ ഭാഗമാണ്. ആഡംബരത്തിന്റെ അടയാളമായി കൂദാശകൾ പരിണമിക്കരുത്.

ഓരോ വർഷവും പെന്തിക്കോസ്തിപ്പെരുന്നാളിനോടനുബന്ധിച്ച് ഭവനങ്ങൾ കൂദാശ ചെയ്യുന്ന പാരമ്പര്യം ചില സ്ഥലങ്ങളിലുണ്ട്. കുടുംബം മുഴുവൻ പുതുക്കപ്പെടുന്നതിന്റെ പ്രാധാന്യം ഇത് എടുത്തുകാണിക്കുന്നു.

ഭവനകൂദാശയിലൂടെ കുടുംബാംഗങ്ങൾ ഗൗരവമുള്ള ദൗത്യം ഏറ്റെടുക്കുന്നു. ദൈവിക കൽപ്പനകളിൽ വിശ്വസ്തരായി നടക്കുമ്പോഴാണ് ഭവനകൂദാശയുടെ അർത്ഥം പ്രവൃത്തികളിലൂടെ വെളിവാകുന്നത്.

# യൽദോ പെരുന്നാൾ

നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനെ കുറിക്കുന്ന സുറിയാനിപദമാണ് യൽദോ. 'ക്രിസ്തുവിന്റെ നാമത്തിലുള്ള കുർബാന' എന്നർത്ഥമുള്ള ക്രിസ്തുമസ് എന്ന പദത്തിന് പകരമായി സുറിയാനി പാരമ്പര്യത്തിൽ 'യൽദോപ്പെരുന്നാൾ' എന്ന് വിളിക്കപ്പെടുന്നു.

## ജനനപ്പെരുന്നാളിലെ പ്രത്യേകശുശ്രൂഷകൾ

സന്ധ്യാനമസ്കാരം മുതൽ ജനനപ്പെരുന്നാളിന്റെ പ്രത്യേക നമസ്കാരം ആരംഭിക്കുന്നു. രാത്രിനമസ്കാരത്തിലെ ധൂപപ്രാർത്ഥനകൾക്കുശേഷം നടത്തപ്പെടുന്ന പ്രദക്ഷിണവും തീജ്വാലയുടെ ശുശ്രൂഷയുമാണ് പ്രധാനശുശ്രൂഷകൾ. മാലാഖമാരുടെ സ്തുതിപ്പിനു മുമ്പായി എല്ലാവരും പള്ളിയുടെ വടക്ക് വാതിൽവഴി ഇറങ്ങി പടിഞ്ഞാറ് തീജ്വാലയുടെ സമീപത്ത് എത്തുന്നു. പൗലോസ് ശ്ലീഹായുടെ ലേഖനവും ഏവൻഗേലിയോനും (വി. ലൂക്കോ. 2:1–20) അവിടെവച്ച് വായിക്കുന്നു. ഏവൻഗേലിയോൻ വായിക്കുമ്പോൾ "ഉളവാക സ്തുതി ദൈവത്തിന് വാനിൽ" എന്ന മാലാഖമാരുടെ ഗാനം പാടിക്കൊണ്ട് തീ കൊളുത്തി മൂന്ന് പ്രാവശ്യം പ്രദക്ഷിണംവച്ച് കുന്തുരുക്കം അർപ്പിച്ച്, മാലാഖമാരുടെ സ്തുതിപ്പും ചൊല്ലുന്നു. തുടർന്ന് ഏവൻഗേലിയോൻ വായന മാലാഖമാരുടെ ഗാനം മുതൽ വായിച്ച് പൂർത്തീകരിക്കുന്നു. പ്രദക്ഷിണം പൂർത്തിയാക്കി പള്ളിക്കുള്ളിൽ കയറി സ്ലീബാ നാലുവശത്തേക്കും ആഘോഷിക്കുന്നു. വി.കുർബാനയോടുകൂടി ജനനപ്പെരുന്നാളിന്റെ ശുശ്രൂഷകൾ അവസാനിക്കുന്നു.

## മനുഷ്യാവതാരരഹസ്യം പ്രാർത്ഥനകളിൽ

മനുഷ്യാവതാരരഹസ്യത്തിന്റെ വർണ്ണനയാണ് ജനനപ്പെരുന്നാളിന്റെ പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും പ്രധാന പ്രമേയം. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവം ചരിത്രത്തിന്റെ ദാനമായി

ത്തീർന്നു: അപരിമിതൻ പരിമിതനായ ശിശുവായി കരയുകയും പാൽ കുടിക്കുകയും ചെയ്ത, ബുദ്ധിക്ക് അപ്രാപ്യമായ രഹസ്യത്തെ വർണ്ണിക്കുന്നവയാണ് പാട്ടുകളും പ്രാർത്ഥനകളും.

കന്യാജനനത്തെക്കുറിച്ചുള്ള പ്രവചനങ്ങളും ദൃഷ്ടാന്തങ്ങളും കോർത്തിണക്കിയതാണ് സന്ധ്യാനമസ്കാരത്തിലെ സെദ്റാ. അബ്രഹാം, യാക്കോബ്, ഇയ്യോബ്, ആമോസ്, യശയ്യാവ് എന്നിവരുടെ പ്രവചനങ്ങളും മോശകണ്ട മുൾപ്പടർപ്പും യെഹസ്ക്കിയേൽ കണ്ട രഥവും രോമക്കെട്ടിൻമേൽ പെയ്ത മഞ്ഞും കൈകൾ കൂടാതെ വെട്ടപ്പെട്ട ശില എന്ന് ദാനിയേൽ ഉദ്ഘോഷിച്ചതുമായ വെളിപ്പാടുകളും ദൃഷ്ടാന്തങ്ങളും കോർത്തിണക്കിയ സെദ്റാ, പിതാക്കന്മാരുടെ തിരുവചന പാണ്ഡിത്യത്തിന് ഉദാഹരണമാണ്.

ദൈവസ്വഭാവത്തിൽനിന്ന് വ്യത്യാസം വരാതെ മനുഷ്യനായിത്തീർന്നത് രഹസ്യമാകുന്നു. 'മനുഷ്യബുദ്ധിക്ക് അളന്ന് നിർവചിക്കുവാൻ കഴിയാത്തവിധം ഉന്നതമായ മനുഷ്യാവതാര മർമ്മത്തിലുള്ള സത്യമായ വിശ്വാസം ഞങ്ങൾക്ക് നല്കേണമേ' എന്ന് പ്രാർത്ഥിക്കുന്നു.

## തീജ്വാലശുശ്രൂഷയുടെ പ്രാധാന്യം

പള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് കുരിശാകൃതിയിൽ തയ്യാറാക്കിയ കുഴിയിലാണ് തീജ്വാലയ്ക്കുള്ള വസ്തുക്കളും വാഴ്ത്തിയ കുരുത്തോലകളും ക്രമീകരിച്ച് വച്ചിരിക്കുന്നത്. അന്ധകാരത്തിൽ ജ്വലിച്ച് ഉയരുന്ന തീജ്വാല പ്രതീകമാണ്.

ബേത്ലഹേമിൽ കാണപ്പെട്ടത് പ്രകാശത്തിൽനിന്നുള്ള പ്രകാശമായ പുത്രൻ തമ്പുരാനാണ്. അന്ധകാരത്തിൽ ഇരുന്നിരുന്ന ജനത്തിന് പ്രകാശം ഉദിച്ചു എന്നാണ് മനുഷ്യാവതാരത്തെകുറിച്ച് യശയ്യാവ് പ്രവചിച്ചത്. "ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു. മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു' എന്ന യശയ്യാ പ്രവചനം വി.മത്തായി 4:16-ൽ ഉദ്ധരിക്കുന്നുണ്ട്. സ്ലീബാ ആഘോഷവേളയിൽ 'ഞങ്ങളുടെ ഉള്ളിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ' എന്നും 'നിന്റെ മനുഷ്യാവതാരത്തിന്റെ ദിവസത്തിൽ സൃഷ്ടിയിൽ നിന്റെ പ്രകാശം ഉദിപ്പിക്കുകയും സകല ദിക്കുകളിൽനിന്നും അന്ധകാരം ദുരീകരിക്കുകയും ചെയ്തു' എന്ന് പ്രഭാതത്തിന്റെ സെദ്റായിലും സൂചനയുണ്ട്.

കർത്താവേശുമശിഹായുടെ ശ്രേഷ്ഠമായ ഉദയം സകലസൃഷ്ടികളെയും പൂർണ്ണമായി പ്രകാശിപ്പിച്ചു. ലോകത്തിന്റെ പ്രകാശമായ മശിഹായുടെ ജനനത്തിന്റെ പ്രതീകമാണ് യൽദോപ്പെരുന്നാളിൽ തെളിയിക്കുന്ന അഗ്നിയുടെ ജ്വലനം.

## യൽദോപ്പെരുന്നാളിന്റെ സന്ദേശം

ആദാമിന് വീഴ്ച ഭവിച്ച ശരീരം സ്വീകരിച്ചുകൊണ്ട് പുത്രൻ തമ്പുരാൻ മനുഷ്യാവതാരം ചെയ്തു. സൃഷ്ടിയെ സ്രഷ്ടാവിനോട് അടുപ്പിച്ചു. ദൈവത്തെ കാണുവാൻ മനുഷ്യന്റെ പരിമിതികൾ അനുവദിക്കുന്നില്ല. സൂര്യൻപോലും മനുഷ്യന്റെ നേത്രങ്ങൾക്ക് താങ്ങുവാൻ കഴിയാത്ത പ്രകാശമാണ്. പ്രകാശത്തിന്റെ പൂർണ്ണതയും സകല സൃഷ്ടികളുടെയും നിർമ്മിതാവും ആയ ദൈവത്തെ മനുഷ്യന് സമീപിക്കുക അസാധ്യം. പരിമിതികൾ ഉള്ളവനായ മനുഷ്യനോട് അപരിമിതനായ ദൈവം മനുഷ്യന്റെ പരിമിതികൾക്കുള്ളിൽ നിന്ന് സംസാരിച്ചതാണ് യൽദോപ്പെരുന്നാൾ. അപരിമിതനായ ദൈവം ക്രിസ്തുവിൽ ലോകത്തിന് വെളിപ്പെട്ടു. മനുഷ്യാവതാരത്താൽ മേലുള്ളവരെയും താഴെയുള്ളവരെയും സന്തോഷിപ്പിക്കുകയും സമാധാനത്താൽ നിറയ്ക്കുകയും ചെയ്തു.

ഫിലിപ്യർ 2:6-8 വരെയുള്ള ഭാഗത്ത് പറയുന്ന 'വെറുമയാക്കലിന്റെ' മഹത്വമാണ് യൽദോപ്പെരുന്നാൾ. ദൈവസ്വരൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത വെറുമയാക്കലാണ് യൽദോപ്പെരുന്നാൾ നൽകുന്ന സന്ദേശം. ഇന്ന് ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഒരു സന്ദേശമാണിത്. സ്വാർത്ഥത ഇല്ലാത്തത് എന്ന് കരുതിപ്പോരുന്ന കുടുംബത്തിൽപ്പോലും അശാന്തി, സമൂഹത്തിൽ അസമത്വവും ചൂഷണവും. അസമാധാനം ചുറ്റും ഉണ്ടെങ്കിലും ക്രിസ്ത്യാനിയിൽ സമാധാനം ഉണ്ടാകണം. ത്യാഗത്തിലൂടെ ജീവൻ പകരുന്ന സ്നേഹമാണ് യൽദോപ്പെരുന്നാൾ നൽകുന്ന ആഹ്വാനം.

## ദനഹാ

'ഉദയം' എന്നർത്ഥമുള്ള സുറിയാനി പദമാണ് ദനഹാ. 'എപ്പിഫനി' ഇതിന് സമാനമായ ഗ്രീക്ക് പദമാണ്. യോർദ്ദാൻ നദിയിൽ യേശുക്രിസ്തു മാമോദീസാ സ്വീകരിച്ചതിന്റെ അനുസ്മരണമാണ് ദനഹാപ്പെരുനാൾ. മൂന്നാം നൂറ്റാണ്ട് മുതൽ ദനഹാപ്പെരുന്നാൾ സഭയിൽ പ്രധാന പെരുന്നാളായി ആചരിച്ചുവരുന്നു. ആദിമകാലം മുതൽക്കേ ജനുവരി 6-ന് പ്രത്യേകം പ്രാധാന്യം നൽകിയിരുന്നു. ഇന്നും മിക്കസഭകളിലും ജനുവരി 6-ന് ദനഹാപ്പെരുന്നാൾ ആഘോഷപൂർവ്വം ആചരിക്കുന്നു.

### പ്രകാശത്തിന്റെ പെരുന്നാളാണ് ദനഹാ

യോർദ്ദാൻനദിയിൽ പ്രകാശം ഉദിച്ചതിനാലാണ് പ്രകാശത്തിന്റെ പെരുന്നാൾ എന്ന് ദനഹാപെരുന്നാൾ അറിയപ്പെടുന്നത്. "ഞങ്ങളുടെ ആത്മാക്കളിൽനിന്ന് അജ്ഞാനാന്ധകാരത്തെ നീക്കിക്കളഞ്ഞ്, ഞങ്ങളിലും ഞങ്ങളുടെ ഇടയിലും നീ സ്ഥിതി ചെയ്യണമേ. സമ്പൂർണ്ണവും അപ്രമേയവുമായ ത്രിത്വത്തിന്റെ മഹാപ്രകാശത്തിലേക്ക് തെറ്റുകൂടാതെ ഞങ്ങളെ നയിച്ച് ലോകത്തിന് അതീതമായ പ്രകാശത്താൽ ഞങ്ങളെ നിറയ്ക്കേണമേ. നിന്റെ കിരണങ്ങളാൽ ഞങ്ങളുടെ ഉൾക്കണ്ണുകൾ പ്രശോഭിപ്പിച്ച് ഞങ്ങളെ പ്രകാശസന്താനങ്ങളാക്കണമേ" എന്നിങ്ങനെയുള്ള പ്രാർത്ഥനകൾ ദനഹാപ്പെരുന്നാളിലെ പ്രകാശീകരണം ചൂണ്ടിക്കാട്ടുന്നു. നിർമ്മലരും പ്രകാശിതരും ആയിത്തീരുവാനുള്ള ആഗ്രഹം പ്രാർത്ഥനകളിൽ ഉടനീളം കാണുന്നു.

### ദനഹായിലെ പ്രത്യേക ശുശ്രൂഷകൾ

വെള്ളം വാഴ്വിന്റെ ക്രമമാണ് ദനഹായുടെ പ്രത്യേകത. വെള്ളം വാഴ്ത്തുന്ന രീതി നാലാം നൂറ്റാണ്ട് മുതൽ തുടർന്നുവരുന്നു. ഇസ്രായേലിൽ യോർദ്ദാൻ നദിയും ഈജിപ്തിൽ നൈൽ നദിയും മറ്റ് ചില സഭകളിൽ സമീപത്തുള്ള ജലാശയങ്ങളും വാഴ്ത്തുന്ന

രീതി നിലനില്ക്കുന്നു. യോർദ്ദാൻ നദിക്ക് ലഭിച്ച വാഴ്വുകൾ സകല ഉറവുകൾക്കും ലഭിക്കുവാൻ പ്രാർത്ഥിക്കുന്നു.

പ്രഭാതനമസ്കാരത്തിന് ശേഷം പള്ളിക്ക് ചുറ്റും പ്രദക്ഷിണം നടത്തുന്നു. ഒരു സ്ഫടികപ്പാത്രത്തിൽ വെള്ളം ഒഴിച്ച് കുരിശുവച്ച് അടച്ച് ശോശപ്പകൊണ്ട് മൂടുന്നു. ഒരു ശുശ്രൂഷകൻ ഇത് വഹിച്ചു കൊണ്ട് പ്രദക്ഷിണത്തിൽ സംബന്ധിക്കുന്നു. തെക്കേ വാതിൽവഴി പള്ളിക്കുള്ളിൽ കയറി വിരിച്ചൊരുക്കിയ മേശമേൽ പാത്രം വച്ച് ശുശ്രൂഷ ആരംഭിക്കുന്നു. യോർദ്ദാൻനദിയും യോഹന്നാനാൽ നൽകപ്പെട്ട സ്നാനവുമാണ് പ്രദക്ഷിണ ഗാനത്തിലെ പ്രമേയം.

കർത്താവിന്റെ മാമോദീസായിൽ ത്രിത്വം വെളിപ്പെട്ടതിനെ അനുസ്മരിച്ച് ത്രിത്വനാമത്തിൽ ധൂപകലശം കൂദാശചെയ്യുന്ന ശുശ്രൂഷ ദനഹാ ശുശ്രൂഷയുടെ ഭാഗമായി ക്രമീകരിച്ചിരിക്കുന്നു. കുപ്പി മൂടിയിരിക്കുന്ന ശോശപ്പാ, വി.കുർബാനയിൽ നീക്കുന്നതുപോലെ ആഘോഷപൂർവ്വം നീക്കം ചെയ്യുന്നു. കൈകൾ ഉയർത്തിയുള്ള പ്രാർത്ഥനയ്ക്ക്ശേഷം ത്രിത്വനാമത്തിൽ ജലം ശുദ്ധീകരിക്കുന്നു. നാലുദിക്കിലേക്കും വെള്ളക്കുപ്പി സ്ലീബായോടൊപ്പം ഉയർത്തി ആഘോഷിക്കുന്നു. മാമോദീസാത്തൊട്ടിയിൽ കുരിശ്വരച്ച്, കുരിശാകൃതിയിൽ മൂന്ന് തുള്ളികൾ ഒഴിക്കുന്നു. വി.കുർബ്ബാനയ്ക്കുശേഷം വാഴ്ത്തപ്പെട്ട വെള്ളം അനുഭവിച്ച് വിശ്വാസികൾ പിരിയുന്നു.

## ദനഹാപ്പെരുന്നാളും നസ്രാണികളുടെ ആചാരങ്ങളും

കേരളനസ്രാണികൾ പ്രത്യേകിച്ച് കുന്നംകുളം നസ്രാണികൾ ദനഹാപ്പെരുന്നാളുമായി ബന്ധപ്പെട്ട് ചില ആചാരങ്ങൾ അനുഷ്ഠിക്കുന്നു. അതിൽ പ്രധാനം വാഴപ്പിണ്ടി നാട്ടി അതിന്മേൽ തിരികത്തിച്ച് പ്രദക്ഷിണം നടത്തുന്ന രീതിയാണ്. ഇക്കാരണത്താൽ ദനഹായ്ക്ക് 'പിണ്ടിപ്പെരുന്നാൾ' എന്ന് പേരു പറയപ്പെടുന്നു. പ്രകാശീകരണത്തിന്റെ പെരുന്നാൾ എന്ന അർത്ഥമാണ് പ്രദക്ഷിണവും അഗ്നിയും സൂചിപ്പിക്കുന്നത്.

'രാക്കുളിപ്പെരുന്നാൾ' എന്ന പേരും ചില പ്രദേശങ്ങളിൽ ദനഹാപ്പെരുന്നാളിന് നൽകിയിരിക്കുന്നു. ദനഹായുടെ തലേരാത്രിയിൽ പള്ളിയോട് ചേർന്നുള്ള കുളത്തിലോ മറ്റ് ജലാശയങ്ങളിലോ ആചാരപ്രകാരം കുളിക്കുന്നതിനാലാണ് ഈ പേര് വന്നത്.

# പെന്തിക്കോസ്തിപ്പെരുന്നാൾ

പെരുന്നാൾ എന്ന വാക്കിന് വലിയ ദിവസം എന്നാണ് അർത്ഥം. കർത്താവിന്റെയും വിശുദ്ധസഭയുടെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളുടെയും ഓർമ്മയാണ് മാറാനായപ്പെരുന്നാളിലൂടെ ആഘോഷിക്കുന്നത്. മാറാനായപ്പെരുന്നാളുകൾ കർത്താവിനടുത്ത പ്രധാന പെരുന്നാളുകളാണ്. ഈ ഗണത്തിൽ ഉൾപ്പെടുന്ന പെരുന്നാളാണ് പെന്തിക്കോസ്തിപെരുന്നാൾ.

മർക്കോസിന്റെ മാളികയിൽ ശ്ലീഹന്മാർ ഒന്നിച്ച് കൂടിയിരിക്കുമ്പോൾ പരിശുദ്ധമാവ് ആവസിച്ചതിന്റെ അനുസ്മരണമാണ് പെന്തിക്കോസ്തിപ്പെരുന്നാൾ. അപ്പോ.പ്ര. 2-ാം അദ്ധ്യായത്തിൽ പെന്തിക്കോസ്തി ദിനത്തിലെ സംഭവം വിവരിക്കുന്നു. വലിയ കാറ്റ് അടിക്കുന്നതുപോലെ ഇറങ്ങി അഗ്നിജ്വാലപോലെ ശ്ലീഹന്മാർക്ക് പ്രത്യക്ഷമായി അവരുടെ മേൽ പരിശുദ്ധ റൂഹാ ആവസിച്ചു.

പെന്തിക്കോസ്തി എന്ന വാക്കിന് 'അമ്പതാമത്തേത്' എന്നാണ് അർത്ഥം. യഹൂദന്മാരുടെ പെന്തിക്കോസ്തി പെരുന്നാളിലാണ് ആദിമസഭയുടെ പെന്തിക്കോസ്തി അനുഭവം നടന്നത്.

## പഴയനിയമ പെന്തിക്കോസ്തി

ലേവ്യപുസ്തകം 23:9 മുതലുള്ള ഭാഗത്ത് കൊയ്ത്തുപെരുന്നാളിനെക്കുറിച്ച് പ്രതിപാദിക്കുന്നു. വാരോത്സവപ്പെരുന്നാൾ എന്നു പെന്തിക്കോസ്തി അറിയപ്പെടുന്നു. പെസഹാപ്പെരുന്നാളിന് ശേഷം വരുന്ന അമ്പതാം ദിവസമാണ് പെന്തിക്കോസ്തി പെരുന്നാൾ ആചരിക്കുന്നത്. ആദ്യഫലപ്പെരുന്നാളായി പെന്തിക്കോസ്തി ആചരിക്കുന്നുവെങ്കിലും സീനായ് മലയിൽവച്ച് മോശ മുഖാന്തരം ന്യായപ്രമാണം ലഭിച്ചതിന്റെ അനുസ്മരണമായും പിന്നീട് ആചരിച്ചുവന്നു.

## രണ്ടാം ബാബേൽ

യഹൂദന്മാർ വാരോത്സവത്തിൽ ദേവാലയത്തിൽ ഒന്നിച്ചുകൂടുമായിരുന്നു (ആവ. 16:16). ചിതറിപ്പാർത്തിരുന്ന യഹൂദന്മാർ ദൈവിക

കല്പന നിറവേറ്റുവാൻ ഒന്നിച്ചുകൂടിയ വാരോത്സവപ്പെരുന്നാളിലാണ് (അപ്പോ.പ്ര. 2:9–11) പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ ആവസിച്ചത്. ശ്ലീഹന്മാർ ഇരുന്നിരുന്ന മാളിക രണ്ടാം ബാബേലായിത്തീർന്നു. ഉൽപ്പത്തി 11:1–9 വരെയുള്ള ഭാഗത്ത് ബാബേലിനെക്കുറിച്ച് പ്രതിപാദിക്കുന്നു. മനുഷ്യന്റെ നിഗളവും ദൈവഭയം ഇല്ലായ്മയും മുഖാന്തരം ഒരേ ഭാഷകൾക്കിടയിൽ സംവേദനം അസാധ്യമായി അവർ ചിതറിക്കപ്പെടുന്നു. പുതിയ നിയമത്തിൽ വിഭിന്ന ഭാഷക്കാർക്ക് അവരവരുടെ ഭാഷയിൽ മനസ്സിലായി. ഇതിനെയാണ് രണ്ടാം ബാബേൽ എന്ന് പ്രാർത്ഥനകളിൽ പറഞ്ഞിരിക്കുന്നത്.

## പെന്തിക്കോസ്തി പരിശുദ്ധാത്മ പുതുക്കത്തിന്റെ പെരുന്നാൾ

മാമോദീസായിലൂടെയാണ് ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത്. ഒരിക്കലായി പരിശുദ്ധാത്മദാനം പ്രാപിച്ചതിനാൽ പരിശുദ്ധാത്മാവിന്റെ പുതുക്കമാണ് പെന്തിക്കോസ്തിയിൽ നടക്കുന്നത്. നമ്മിൽ വസിക്കുന്ന ആത്മാവിന്റെ പുതുക്കത്തിനുള്ള പ്രാർത്ഥനകളും ശുശ്രൂഷകളുമാണ് പെന്തിക്കോസ്തിപ്പെരുന്നാളിന്റെ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നത്.

### പ്രത്യേക ശുശ്രൂഷ

വി. കുർബ്ബാനയിൽ കുക്കിലിയോന്റെ മധ്യത്തിൽ നടത്തപ്പെടുന്ന ശുശ്രൂഷയും വെള്ളം തളിപ്പുമാണ് പെന്തിക്കോസ്തിപ്പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷകൾ. മുട്ടുകുത്തലിന്റെ ക്രമം എന്നും ഈ ശുശ്രൂഷയ്ക്ക് പേരുണ്ട്. ത്രിത്വത്തിലെ മൂന്ന് ക്നൂമാകളുടെ നാമത്തിൽ മൂന്ന് ശുശ്രൂഷകളായി തിരിച്ചിരിക്കുന്നു. ഉയിർപ്പ് പെരുന്നാളിന് ശേഷം ആദ്യമായി സഭ മുട്ടുകുത്തുന്നത് പെന്തിക്കോസ്തി പെരുന്നാളിലാണ്. മുട്ടുകുത്തി പ്രാർത്ഥിച്ച് ദൈവികശക്തിയാൽ എഴുന്നേൽക്കുന്നതിനാൽ 'മുട്ടുകുത്തലിന്റെ ക്രമം' എന്ന് വിളിക്കപ്പെടുന്നു.

ദിവ്യദാനങ്ങളുടെ ഉറവയായ ആത്മാവിന്റെ പുതുക്കം ഇതിലൂടെ പ്രാപിക്കുന്നു. ഗഹനമായ ദൈവശാസ്ത്രചിന്തകളാണ് പ്രുമിയോൻ–സെദ്റാകളിലൂടെ അവതരിപ്പിക്കുന്നത്. വി. ത്രിത്വത്തെക്കുറിച്ചുള്ള ഓർത്തഡോക്സ് പ്രബോധനമാണ് ഈ സെദറാകൾ.

## പ്രാർത്ഥനകളുടെ സാരാംശം

മാളികയിൽ ശ്ലീഹന്മാരുടെ മേൽ ആവസിച്ച റൂഹായുടെ ആവാസംമൂലം ആന്തരികനയനങ്ങൾ ശോഭിച്ച്, കൂടുതൽ നിർമ്മലരാക്കേണമേ എന്ന് പ്രാർത്ഥിക്കുന്നു. വി. ത്രിത്വത്തെക്കുറിച്ചുള്ള പ്രബോധനമാണ് സെദ്റാകൾ. മൂന്ന് ക്നൂമായും ഏക സാരാംശവും പുത്രന്റെ ജനനവും പിതാവിൽനിന്നുള്ള റൂഹായുടെ പുറപ്പാടും ത്രിത്വത്തിലെ ഒന്നിപ്പും പ്രതിപാദിച്ചിരിക്കുന്നു.

വാക്കിലും പ്രവൃത്തിയിലും ഉത്തമവും പൂർണവുമായ സകല പ്രവർത്തനങ്ങളിലും ദൈവികവ്യാപാരം പ്രത്യക്ഷപ്പെടുവാനുള്ള കൃപ പരിശുദ്ധാത്മാവിനോട് യാചിക്കുന്നു. ജ്ഞാനവും നൈർമ്മല്യവും വിശുദ്ധിയും പരിശുദ്ധാത്മദാനത്തിന്റെ അടയാളങ്ങളാണ്.

പരിശുദ്ധാത്മാവിന്റെ വിശേഷണങ്ങൾ ഈ ശുശ്രൂഷയിൽ ധാരാളമായി ഉപയോഗിക്കുന്നു. ആശ്വാസപ്രദൻ, സൃഷ്ടിക്കുന്നവൻ, പൂർത്തീകരിക്കുന്നവൻ, ശുദ്ധീകരിക്കുന്നവൻ, പ്രകാശിപ്പിക്കുന്നവൻ എന്നിങ്ങനെയുള്ള ധർമ്മങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്.

## ഉപസംഹാരം

സുദീർഘമായ പ്രാർത്ഥനകൾ അടങ്ങിയ ശുശ്രൂഷയാണ് പെന്തിക്കോസ്തി. പെന്തിക്കോസ്തിപെരുന്നാളോടുകൂടി ഉപവാസവും കുമ്പിടീലും വീണ്ടും ആരംഭിക്കുന്നു. ഉയിർപ്പ് മുതലുള്ള അമ്പത് ദിനങ്ങളിൽ കുമ്പിടീലും ഉപവാസവും ഒഴിവാക്കിയിരിക്കുന്നു. സ്വർഗാരോഹണത്തിനുശേഷമുള്ള പത്ത് ദിവസങ്ങൾ പരിശുദ്ധാത്മപുതുക്കത്തിനായി സഭ പ്രത്യേകമായി പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. അതിനാൽ ഇവ കാത്തിരിപ്പിന്റെ ദിവസങ്ങൾ എന്ന് അറിയപ്പെടുന്നു. ഒരുക്കത്തോടെ ഇരുന്നവർക്ക് പരിശുദ്ധാത്മദാനം ലഭിച്ചു എന്ന ബോധ്യത്തിൽ പരിശുദ്ധാത്മദാനം സ്വീകരിക്കുവാനുള്ള ഒരുക്കം വിശ്വാസികൾക്ക് പ്രത്യേകമായും ഉണ്ടായിരിക്കണം.

✦✦